കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 നവംബർ
വില ₹15



## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകങ്ങൾ

**അപ്പൂന്റെ ഘടികാരം**
കെ പി മുരളീധരൻ
180രൂപ

**തൈ നടാനും ചില കാരണങ്ങൾ**
വെങ്കി
130രൂപ

**ഒളിക്കാൻ ഒരിടം**
ടി ആർ രാജേഷ്
110രൂപ

**എവിടെ എന്റെ ഡിപ്പി?**
രാജീവ് എൻ ടി
100രൂപ

**കത്തിരിക്കക്കഥകൾ**
ജി എസ് ഉണ്ണികൃഷ്ണൻ നായർ
75രൂപ

**രണ്ടു കുറ്റാന്വേഷണ കഥകൾ**
സത്യജിത് റായ്
പുനരാഖ്യാനം: എം ചന്ദ്രപ്രകാശ്
140രൂപ

**നെല്ലിക്ക**
രാധാകൃഷ്ണൻ എടച്ചേരി
40രൂപ

**ജി ശങ്കരക്കുറുപ്പ്**
ആര്യനാട് സനൽകുമാർ
100രൂപ

**ലണ്ടൻ യാത്ര**
കുസുമം പുന്നപ്ര
35രൂപ

**മീരയും കൂട്ടുകാരും**
ജോസാന്റണി കുരീപ്പുഴ
85രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

**സെയിൽസ് വിഭാഗം**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276
email: sales@ksicl.org

## തളിര് വരിക്കാരാകാൻ

160രൂപയാണ് തളിരിന്റെ വാർഷികവരിസംഖ്യ. ഒറ്റപ്രതി 15രൂപ. വരിക്കാരാവാൻ 160രൂപ ഡിഡിയോ മണിയോർഡറോ ആയി

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃതകോളേജ് കാമ്പസ്**
**പാളയം, തിരുവന്തപുരം 34**

എന്ന വിലാസത്തിൽ അയയ്ക്കാം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസിൽ നേരിട്ടു വന്നും വാർഷികവരിക്കാരാവാം. പത്തുതളിരോ അതിൽക്കൂടുതലോ എടുക്കുന്ന സ്കൂളുകൾക്ക് ഒരുമിച്ചു പണമടക്കുമ്പോൾ 150രൂപ വീതം അടച്ചാൽ മതിയാകും. അതായത് 10തളിരിന് 1500രൂപ മാത്രം. ഇങ്ങനെയുള്ള സ്കൂളുകൾക്ക് 'തളിര് വായനാമത്സര'ത്തിൽ പങ്കെടുക്കാനുള്ള അർഹത ഉണ്ടായിരിക്കും. സംശയങ്ങൾ thaliru@ksicl.org എന്ന ഇ–മെയിലിൽ ചോദിക്കാവുന്നതാണ്.

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

നവംബർ 2016
വില ₹15
വാർഷികവരിസംഖ്യ ₹160


## ഉള്ളടക്കം

## മയിൽ
6

**സച്ചിദാനന്ദൻ**



'ആനന്ദമാണു ഞാൻ, നീലയും പച്ചയു-
മാടുന്നോരാദിപ്രകൃതിയല്ലോ!
എന്നിൽ നിന്നുണ്ടായി നൃത്തങ്ങ
ളൊക്കെയും
എൻ വാലിൽ നിന്നേ കഥകളുണ്ടായ്!'

ഏറെ സന്തോഷത്തോടെയാണ്
മയിൽ സ്വയം വർണിക്കുന്നത്.
പക്ഷേ ഒരാഗ്രഹം മാത്രം ബാക്കിനിൽക്കുന്നു.

## നാടൻകലകൾ കേരളത്തിൽ

**ഡോ. എം വി വിഷ്ണുനമ്പൂതിരി**

20



കേരളത്തിന്റെ ഓരോ കൊച്ചു പ്രദേശത്തും കാണും അവരുടേതു മാത്രമായ തനതുകലകൾ. ഓരോ വിഭാഗക്കാർക്കും കാണും അവരുടെ സ്വന്തം കലാരൂപങ്ങൾ.

## വട്ടമിട്ടിരിക്കാൻ പറഞ്ഞാൽ പാത്രങ്ങളുമായി ഓടിവരുന്ന കുട്ടികൾ

30

**സിന്ധു സാജൻ**



കേരളത്തിനുള്ളിൽ ജീവിക്കുന്ന പല ആദിവാസിവിഭാഗങ്ങളുടെയും മാതൃഭാഷ മലയാളമല്ല. ഭാഷാപരമായിത്തന്നെ സ്കൂളിലും മറ്റും അവർ നേരിടുന്ന പ്രശ്നങ്ങൾ നാം അറിയണം.


**മുൻമൊഴി** ............................................4
**സ്കൂൾഡേയ്സ്**.........................................7
ഒ എൻ വി കുറുപ്പ്
**കേരളത്തിന്റെ അറുപതാം പിറന്നാൾ**.....................................8
സുഗതകുമാരി
**വിസ്മൃതിയുടെ ചാരംമൂടിയ മഹാനിധികൾ**...........................10
ഡോ. രാധികാ സി നായർ
**കവിതാപരിചയം**.........................13
ഒ എൻ വി കുറുപ്പ്
**പല്ലെടുക്കാൻ പോയ പെൺകുട്ടി**...14
ബി മുരളി
**നമ്മുടെ അക്കങ്ങൾ**.................18
പള്ളിയറ ശ്രീധരൻ
**കാ കാ.. കൂ കൂ**.........................19
സുദർശൻ കൈനകരി
**വാൾക്ലോക്കിലെ കൗതുകങ്ങൾ**...29
മണ്ണടി ഹരി
**ആരുണ്ടിവിടെ?**.........................33
ജയ എസ്
**കേരളീയനാടോടിക്കഥ**..............34
പുനരാഖ്യാനം: ഡോ. കെ ശ്രീകുമാർ
**കാടുവളർത്തും വേഴാമ്പൽ**.....36
എൻ എ നസീർ
**കണ്ണാടി**.................................39
രാജഗോപാലൻ നാട്ടുകൽ
**വിരലും മണലും**.....................40
എം എൻ കാരശ്ശേരി
**അക്ഷരചിത്രം**.........................41
ഭരണിക്കാവ് കൃഷ്ണൻ
**സ്വപ്നങ്ങൾ.. സ്വപ്നങ്ങൾ**......42
ഡോ. സി ജെ റോയ്
**സ്കൂളറിവ്**.............................46
എൻ എസ് അരുൺകുമാർ



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ & ആർട്ട്
**അരുണ ആലഞ്ചേരി**

ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: അരുണ ആലഞ്ചേരി



നവംബർ, ശിശുദിനത്തിന്റെ അതായത് ചാച്ചാനെഹ്റുവിന്റെ പിറന്നാൾ മാസമാണ്. അതുകൊണ്ട് ഇത്തവണ അദ്ദേഹം തന്നെ നിങ്ങളോടു സംസാരിക്കട്ടെ. ദൂരെ ദൂരെ നിന്നല്ല, ചിരിച്ചുകൊണ്ട് നിങ്ങളുടെ കൈ പിടിച്ച് തൊട്ടടുത്തുതന്നെ നിന്ന്...

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

എനിക്ക് കുട്ടിളോടൊത്തു കഴിയാനും അവരോടു സംസാരിക്കാനും ഇഷ്ടമാണ്. ഏറ്റവുമധികം ഇഷ്ടം അവരോടൊത്തു കളിക്കാനാണ്. നിങ്ങൾ എന്റെയരികിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ നിങ്ങളോട് നമ്മുടെയീ മനോഹരമായ ഭൂമിയെക്കുറിച്ച് സംസാരിച്ചേനെ. പുഷ്പങ്ങളെയും വൃക്ഷങ്ങളെയും പക്ഷികളെയും മൃഗങ്ങളെയും നക്ഷത്രങ്ങളെയും പർവതങ്ങളെയും ഹിമാനികളെയും പറ്റി, അവയെപ്പോലെ നമുക്കു ചുറ്റിലുമുള്ള എല്ലാ സൗന്ദര്യങ്ങളെയും പറ്റി, സംസാരിച്ചേനെ. ഈ സൗന്ദര്യമെല്ലാം

നമുക്കു ചുറ്റുമുണ്ട്. എങ്കിലും മുതിർന്നവർ ഇവയെല്ലാം മറന്നുകളഞ്ഞ് തമ്മിൽ തർക്കിച്ചും വഴക്കിട്ടും നമ്മെത്തന്നെ നഷ്ടപ്പെടുത്തിക്കളയുന്നു. ഓഫീസുകളിലിരുന്ന് നാമെന്തോ സുപ്രധാനജോലികൾ ചെയ്യുകയാണെന്നു ഭാവിക്കുന്നു.

നിങ്ങൾ കുട്ടികൾക്ക് ഞങ്ങളെക്കാൾ കുറച്ചുകൂടി വിവരമുണ്ടാകുമെന്ന് ഞാൻ ആശിക്കുന്നു. നിങ്ങൾ കണ്ണും ചെവിയും തുറന്ന് നമ്മെ ചൂഴുന്ന ഈ ലാവണ്യവും ജീവിതവും കണ്ടറിയണം. നിങ്ങൾക്ക് എത്ര പൂക്കളുടെ പേരറിയാം? എത്ര കിളികളെ അവരുടെ പാട്ടു കേട്ടാൽ തിരിച്ചറിയാം? അവരുമായി കൂട്ടുകൂടാൻ എന്തെളുപ്പമാണെന്നോ. അവരുമായി മാത്രമല്ല പ്രകൃതിയിലെ എന്തുമായും കൂട്ടുകൂടാൻ സാധിക്കും. ഇഷ്ടത്തോടെ, കൂട്ടുകാരെന്നപോലെ അവയെ സമീപിക്കുകയാണെങ്കിൽ.

മുതിർന്നവർക്ക് വിചിത്രമായ ഒരു സ്വഭാവമുണ്ട്. അവർ സ്വയം പല പ്രസ്ഥാനങ്ങളായും സംഘങ്ങളായും വേർതിരിയും. എന്നിട്ട് തമ്മിൽത്തമ്മിൽ അതിർത്തികളുണ്ടാക്കും. മതത്തിന്റെയും ജാതിയുടെയും നിറത്തിന്റെയും പാർട്ടിയുടെയും പേരിൽ, രാജ്യത്തിന്റെയും ജില്ലയുടെയും ഭാഷയുടെയും ആചാരങ്ങളുടെയും പേരിൽ, ധനികരെന്നും ദരിദ്രരെന്നുമുള്ള പേരിൽ അവർ അതിരുവേലികളുണ്ടാക്കും. എന്നിട്ട് സ്വയമുണ്ടാക്കിയ ആ ജയിലറകൾക്കുള്ളിൽ താമസമുറപ്പിക്കും. ഭാഗ്യത്തിന് കുട്ടികൾക്ക് ഈ തമ്മിലകറ്റുന്ന അതിരുകൾ അറിഞ്ഞുകൂടാ. അവർ ഒന്നിച്ചു കളിക്കും. പണിചെയ്യും. മുതിർന്നപ്പോൾ മാത്രമാണ് വലിയവരിൽ നിന്ന് ഈ അകൽച്ചകളെപ്പറ്റി കുട്ടികൾ അറിയുന്നത്.

അതുകൊണ്ട് ഞാനാശിച്ചുപോവുകയാണ്. നിങ്ങൾ പതുക്കെ വളർന്നാൽ മതി.

സ്നേഹത്തോടെ,
**ജവഹർലാൽ നെഹ്റു**
ഡിസംബർ 3, 1949

*മൊഴിമാറ്റം: സുഗതകുമാരി*





വര: അരുണ ആലഞ്ചേരി

# മയിൽ

സച്ചിദാനന്ദൻ

ആരേ നിറമിത്ര  ചേർത്തുവെൻ പീലിയിൽ?
ആർ നിറച്ചൂ താളമെൻചുവടിൽ?
ആരെനിക്കായ് മുകിൽപറ്റം തെളിക്കുന്നു
വാനിൽ മഴവില്ലിൻ ചാട്ടവാറാൽ?
ആരെന്നെ ദേവന്റെ വാഹനമാക്കി, ആർ
വേറൊരു ദേവന്നു പീലി നൽകീ?
ആരെന്നെയിന്ദ്രന്റെ കണ്ണുകളാക്കി, ആർ
ഗൌതമൻ നേടിയ ബോധമാക്കി?

ആനന്ദമാണു ഞാൻ, നീലയും പച്ചയു-
മാടുന്നോരാദിപ്രകൃതിയല്ലോ!
എന്നിൽ നിന്നുണ്ടായി നൃത്തങ്ങളൊക്കെയും
എൻ വാലിൽ നിന്നേ കഥകളുണ്ടായ്!
നീലയാമെന്റെ കിരീടത്താൽ താങ്ങുന്നു
വാനവും സൂര്യനും ചന്ദ്രനും ഞാൻ.
എൻ കേക പായുന്നു മിന്നൽപിണർ പോലെ
വൻകാട്ടിലാകെ, പ്പുലി വരുമ്പോൾ
പായുന്നു പേടിച്ചു പാമ്പുകൾ, എൻകൊക്കിൽ
കാലന്റെ കത്തിതൻ മൂർച്ച കാൺകെ.

എന്നാലും...രാപ്പാടിയോടിരക്കുന്നു ഞാൻ,
'തന്നാലും തേനൂറും നിന്റെ ശബ്ദം!'


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
ഓണപരീക്ഷയ്ക്കെല്ലാത്തിനും കഴിഞ്ഞ വർഷത്തെക്കാളും മാർക്ക് കുറവാണല്ലോ. എന്താ?
അച്ഛൻ ചോദിച്ചതു കേട്ടില്ലേ...? ഞാൻ ചോദിക്കുമ്പോഴല്ലേ ഓരോ കാരണങ്ങൾ കണ്ടുപിടിക്കുന്നത്.
ഇക്കൊല്ലം പാഠ പുസ്തകങ്ങളൊക്കെ നേരത്തെ കിട്ടിയതല്ലേ? യൂണിഫോം കിട്ടിയില്ലേ?
കുട കിട്ടിയില്ലേ... ചെരിപ്പ് പുതിയത് കിട്ടിയില്ലേ... ബാഗ് കിട്ടിയില്ലേ!!
ങാ, ഇതൊക്കെ തന്നെയാ കാരണം!!!
ങേ...?
?
ഈ കാരണങ്ങളെക്കൊണ്ട്എനിക്ക് പുതിയ കാരണമൊന്നും കണ്ടുപിടിക്കാനില്ലാത്തതു കാരണം....



# കേരളത്തിന്റെ 60-ാം പിറന്നാൾ

നവംബർ 1 കേരളപ്പിറവിയുടെ മംഗലദിനമാണ്. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നു മൂന്നായി മുറിഞ്ഞുകിടന്ന ഈ അതിസുന്ദരമായ നാട് വീണ്ടും ഒന്നായിച്ചേർന്ന ദിവസം. തിരുവിതാംകൂറിന് സ്വന്തം മണ്ണിന്റെ ഏറ്റവും പ്രിയപ്പെട്ടാരു പങ്ക് തമിഴ്നാടിനു കൊടുക്കേണ്ടിവന്നു. മലബാറിനുമുണ്ടായി നഷ്ടങ്ങൾ. എങ്കിലും നാം പണ്ടേ പാട്ടുകളിലൂടെ പാടിപ്പുകഴ്ത്തിയ കേരളം യാഥാർഥ്യമായിത്തീർന്നു.

കേരളം ഇന്ത്യയിലെ മറ്റു രാജ്യങ്ങളിൽനിന്നു വളരെ വ്യത്യാസമുള്ളൊരു നാടാണ്. കടലിൽനിന്നു പിന്നീടു പൊന്തിവന്നതുകൊണ്ടാണോ ഈ വ്യത്യാസം? പശ്ചിമഘട്ടത്തിന്റെ ഈ തെക്കേയറ്റത്തിന് അഴകു കൂടുതലുണ്ട്, മഴ കൂടുതലാണ്. അതിനാൽത്തന്നെ പച്ചപ്പും ജലസമൃദ്ധിയും കൂടുതലുണ്ട്. കാടും മേടും കുന്നും മലയും തോടും പുഴയും വയലും കായലുകളും നിറഞ്ഞ ഐശ്വര്യപൂർണമായ ഒരന്തസ്സുമുണ്ട്. നാല്പത്തിനാലു പുഴകളുണ്ട്, അഴകുറ്റ മലയാളഭാഷയുണ്ട്, കിളിപ്പാട്ടുണ്ട്, കൂത്തും കഥകളിയുമുണ്ട്. കലയും കവിതയുമുണ്ട്. കൊട്ടും താളവുമുണ്ട്.

ഇവിടെ വടക്കേന്ത്യയിലെപ്പോലെ പെൺകുട്ടികളെ അടച്ചിട്ടു വളർത്തിയിരുന്നില്ല. അവർക്കു പുറത്തിറങ്ങിനടക്കാനും കളരിയിൽ പയറ്റ് അഭ്യസിക്കാനും എഴുത്തുകളരിയിൽപ്പോയി അക്ഷരം പഠിക്കാനുമൊക്കെ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇവിടെ ശൈശവവിവാഹവും സതിയും മുഖംമറയ്ക്കലും സ്ത്രീധനവുമൊന്നും ഉണ്ടായിരുന്നില്ല. തീണ്ടലും തൊടീലുമൊക്കെ ആദ്യം മായ്ച്ചുകളഞ്ഞത് കേരളമാണ്. ഇവിടെ മതങ്ങൾ തമ്മിൽ യുദ്ധമുണ്ടായിട്ടില്ല. ദേശീയബോധവും സ്വാതന്ത്ര്യബോധവും വിദ്യാഭ്യാസവും തലപ്പൊക്കവുമുള്ള നാടായിരുന്നു കേരളം. ഏറ്റവും ശുചിത്വമുള്ളത്, ഏറ്റവും അഴകുള്ളത്, ഏറ്റവും വിദ്യാസമ്പന്നമായത്, ഏറ്റവും സമാധാനപൂർണമായത്... ഇതൊക്കെയായിരുന്നു കേരളം.

ഇന്നോ? നിങ്ങൾ ചിന്തിച്ചുനോക്കുവിൻ– നമ്മുടെ നാട് അതിവേഗം കേരളമല്ലാതായിക്കൊണ്ടിരിക്കുന്നു. ശ്രീ തുളുമ്പുന്ന ആ മുഖഛായതന്നെ മാറിയിരിക്കുന്നു. നമുക്കിവിടം സിംഗപ്പൂരോ, ദുബായിയോ ആക്കി മാറ്റേണമോ? ഇവിടം കലഹങ്ങളുടെയും കൊലകളുടെയും മദ്യാസക്തിയുടെയും താവളമാക്കി മാറ്റേണമോ? കുട്ടികൾ ആലോചിക്കുക. നഷ്ടപ്പെട്ട സൗഭാഗ്യമെല്ലാം നമുക്കു തിരിച്ചുപിടിക്കണ്ടേ? എന്താണതിനു മാർഗം? നിങ്ങൾ അവയെപ്പറ്റി ആലോചിക്കുമോ? ചർച്ച ചെയ്യുമോ? എഴുതുമോ?






ഒരിക്കൽക്കൂടി കേരളാംബയെ പ്രണമിച്ചുക്കൊണ്ട് നമ്മുടെ നാടിന് ഈശ്വരാനുഗ്രഹം നേർന്നുകൊണ്ട്,

സ്നേഹപൂർവം,
**സുഗതകുമാരി**

വര: അരുണ ആലഞ്ചേരി

# വിസ്മൃതിയുടെ ചാരംമൂടിയ മഹാനിധികൾ

ഡോ. രാധിക സി നായർ




കെ വി ശർമയുടെ പുസ്തകം

''കൊച്ചി രാമ വർമ്മത്തമ്പുരാനവർകളുടെ ശുപാർശക്കത്തുമായി സ്ഥലത്തെത്തി അന്വേഷിച്ചപ്പോഴാണ് ഗ്രന്ഥപ്പെട്ടിവച്ചിരിക്കുന്ന മുറിയുടെ താക്കോൽ ദേവസ്വക്കാരുടെ കൈവശമാണെന്നും പെട്ടിയുടെ താക്കോൽ എവിടെയാണെന്നു നിശ്ചയമില്ലെന്നും പതിനഞ്ചുകൊല്ലം മുമ്പ് അന്തരിച്ച തമ്പുരാനുശേഷം ആ പെട്ടി തുറന്നിട്ടില്ലെന്നും മറ്റുമറിഞ്ഞത്. ഒടുവിൽ കോവിലകത്തു രണ്ടുദിവസം താമസിച്ചു വേണ്ടപ്പെട്ടവരെയെല്ലാം ഒരുമിച്ചുവരുത്തി പെട്ടിയെടുത്തു വെളിയിൽ വച്ചു തുറന്നുനോക്കിയപ്പോൾ കണ്ടതു ശോചനീയമായ ഒരു കാഴ്ചയായിരുന്നു. പെട്ടിക്കകത്തുണ്ടായിരുന്ന പത്തുനാൽപ്പതു ഗ്രന്ഥങ്ങൾക്കുപകരം കട്ടിപിടിച്ച ചിതൽമണ്ണും ചില കൂനുകളും മാത്രമാണതിലുണ്ടായിരുന്നത്. 'വേണ്വാരോഹ'ത്തിന്റെ കഥ പോകട്ടെ. ഈ കൃതിക്കു വേറെയും മാതൃകകൾ ലഭിച്ചിട്ടുണ്ട്. 'ഗോളവാദ'ത്തിന് ഇന്നറിയപ്പെട്ടിടത്തോളം ഒറ്റ ഗ്രന്ഥമുണ്ടായിരുന്നത് ഇങ്ങിനി വരാത്തവണ്ണം നശിച്ചുപോയിരിക്കുന്നു.''

കേരളത്തിന്റെ ഗണിത പാരമ്പര്യത്തിന്റെ പൈതൃകത്തിൽപ്പെടുന്ന ഒരു പുസ്തകത്തിനു സംഭവിച്ച ദുർവിധിയാണ് ഉദ്ധരണിയിലുള്ളത്. മലയാളിയുടെ ഉദാസീനതയുടെ നേർസാക്ഷ്യം. കേരളരൂപീകരണത്തിന്റെ അറുപതാണ്ടാഘോഷിക്കുന്ന അവസരത്തിൽ ചില മറവികളെയും ഉദാസീനതകളെയും നഷ്ടങ്ങളെയും നാം ഓർക്കേണ്ടതുണ്ട്. കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധമുള്ളവരായിത്തീരുകയും ചെയ്യേണ്ടതുണ്ട് മലയാളികൾ എന്നു കൂടി ഓർമിപ്പിക്കുന്നു 1956 ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രൊഫ. കെ വി ശർമ ഹൃദയവേദന ചാലിച്ചെഴുതിയ ഈ വാക്കുകൾ.

മഹത്തായ പാരമ്പര്യത്തെപ്പറ്റിയും സംസ്കാര

ത്തെപ്പറ്റിയും വിജ്ഞാനത്തെപ്പറ്റിയും ഊറ്റംകൊള്ളേണ്ട മലയാളികൾ അവയോടു കാണിക്കുന്ന ഉത്തരവാദിത്തമില്ലായ്മയുടെ പ്രത്യക്ഷോദാഹരണം കൂടിയാണ് ഈ വാക്കുകൾ.

അഡയാറിലെ ഇൻഡോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി ഔദ്യോഗിക ജീവിതമവസാനിപ്പിച്ച പ്രൊഫ. കെ വി ശർമ ഒരു നിയോഗംപോലെ ഏറ്റെടുത്തതാണ് കേരളീയഗണിതകാരരെക്കുറിച്ചുള്ള ഗവേഷണം. തിരുവനന്തപുരത്തെ ആറ്റിങ്ങലിൽ 1919 നു ജനിച്ച കെ വി ശർമ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്നും ശാസ്ത്രത്തിൽ ബിരുദവും സംസ്കൃതത്തിൽ ബിരുദാനന്തരബിരുദവും നേടി. കേരളസർവകലാശാലയുടെ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂപ്പർവൈസിങ് പണ്ഡിറ്റായി ഔദ്യോഗികജീവിതമാരംഭിച്ച ശർമ ഹസ്തലിഖിതഗ്രന്ഥശാസ്ത്രത്തിൽ (കടലാസും മറ്റ് എഴുത്തുപാധികളും കണ്ടുപിടിക്കുന്നതിനുമുമ്പ് താളിയോലയിലാണ് എല്ലാ എഴുത്തും സൂക്ഷിച്ചിരുന്നത്. ഉണങ്ങിയ പനയോലയിൽ ഇരുമ്പുനാരായം ഉപയോഗിച്ചാണ് എഴുതുന്നത്.) അവിടെ വച്ചാണ് അഭ്യസനം നേടിയത്. സംസ്കൃതം മൃതഭാഷയെന്നു മുദ്രകുത്തപ്പെട്ട് അവഗണിക്കപ്പെട്ടപ്പോൾ താളിയോലകളിൽ കോറിക്കാത്തുവച്ച അമൂല്യ വിജ്ഞാനസമ്പത്തുകൂടിയാണ് നമ്മൾ വിസ്മൃതിക്കു വിട്ടുകൊടുത്തത്. ശർമയുടെ യത്നം അവിടെ നിന്നാരംഭിച്ചു. ഹസ്തലിഖിതമായ താളിയോലകളിൽ വൈജ്ഞാനികസമ്പത്ത് അലഞ്ഞുകണ്ടെത്തിയ ശർമ അവ വായിച്ച്, തരംതിരിച്ച്, വിവർത്തനം ചെയ്ത്, വ്യാഖ്യാനമെഴുതി പുനഃപ്രസിദ്ധീകരിച്ചപ്പോൾ തെളിഞ്ഞത് കേരളീയശാസ്ത്രപൈതൃകത്തിന്റെ കടലാഴങ്ങളായിരുന്നു. അങ്ങനെ മഹത്തായ ഒരു പാരമ്പര്യത്തെ കഠിനാധ്വാനത്തിലൂടെ അദ്ദേഹം മറവിയിൽനിന്നു വലിച്ചെടുത്തുകൊണ്ടുവന്നു. കിട്ടാൻ പ്രയാസമായ താളിയോലഗ്രന്ഥങ്ങൾക്ക് അദ്ദേഹം ഗ്രന്ഥസൂചി നിർമിച്ചു. ശുദ്ധപാഠമൊരുക്കി. 395 ഹസ്തലിഖിതഗ്രന്ഥാലങ്ങളിലെ ഒന്നരലക്ഷം താളിയോലഗ്രന്ഥങ്ങളുടെ പഴമയും പൊടിയും ഭക്ഷിച്ച് 12244 എണ്ണം അദ്ദേഹം പട്ടിക തിരിച്ചു. ഏട്ടു ശാസ്ത്രവിഭാഗങ്ങളിലായി 3473 ഗ്രന്ഥങ്ങൾ കണ്ടെടുത്തു. പിന്നീട് ഇവ വർഗീകരിച്ച് ഹ്രസ്വവിവരങ്ങൾ ചേർത്താണ് *Science texts in Sanskrit in the Repositories of Kerala and Tamil Nadu* എന്ന ഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിച്ചത്. *A History of the Kerala School of Hindu Astronomy* എന്ന പുസ്തകത്തിൽ കെ വി ശർമ കേരളീയ ശാസ്ത്രജ്ഞരുടെ ജീവിതത്തെയും കണ്ടെത്തലുകളെയും പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. എല്ലാ കണ്ടെത്തലുകളും പടിഞ്ഞാറുനിന്നു വന്നതാണെന്നുള്ള പാശ്ചാത്യാഹങ്കാരത്തിനുള്ള മറുപടിയാണ് പുസ്തകത്തിലെ കേരളീയ ഗണിതാചാര്യന്മാരുടെ പട്ടിക. വരരുചി, ഹരിദത്തൻ, ഗോവിന്ദസ്വാമി, ശങ്കരനാരായണൻ, ഉദയദിവാകരൻ, അച്യുതൻ, രുദ്രൻ, സംഗമഗ്രാമമാധവൻ, വടശ്ശേരി പരമേശ്വരൻ, നീലകണ്ഠസോമയാജി, ജ്യേഷ്ഠദേവൻ, മഹിഷമംഗലം ശങ്കരൻ, പുതുമനച്ചോമാതിരി... പട്ടിക ഇതാണ്. പ്രപഞ്ചദൂരങ്ങളുടെയും നക്ഷത്രങ്ങളുടെ ഗതികളുടെയും കണക്കുകൾ ശ്ലോകരൂപേണ അവർ കുറിച്ചുവച്ചത് പിൽക്കാലമലയാളത്തിന് വ്യാഖ്യാനസഹിതം പകർന്നുനൽകിയതു കെ വി ശർമയാണ്.

ഹരിദത്തന്റെ 'ഗ്രഹാചാരനിബന്ധനം', സംഗമഗ്രാമമാധവന്റെ 'ചാന്ദ്രവാക്യങ്ങൾ', വടശ്ശേരി പരമേശ്വരൻ നമ്പൂതിരിയുടെ 'ദൃഗ്ഗണിതം' എന്നിവയാണ് കെ വി ശർമ കണ്ടെത്തിയതിൽ ഏറ്റവും പ്രധാനം. 'ഗ്രഹാചാരനിബന്ധന'ത്തിന്റെ അഞ്ചു താളിയോലഗ്രന്ഥങ്ങൾ ശർമ കണ്ടെത്തി. കേരളീയജ്യോതിശാസ്ത്രജ്ഞർക്കിടയിൽ പ്രചാരമുണ്ടായിരുന്ന പുരാതനഗണിതപദ്ധതിയായ ആര്യഭടീയമാർഗത്തിൽ പിഴവുകൾ തീർത്ത് എ ഡി 684 ൽ ഹരിദത്തൻ അവതരിപ്പിച്ച 'പരഹിതം' എന്ന സമ്പ്രദായമാണ് 'ഗ്രഹാചാരനിബന്ധന'ത്തിൽ. ഓരോ 36 മിനിട്ടിൽ ചന്ദ്രന്റെ സ്ഥാനം സൂക്ഷ്മമായി അറിയാൻ കഴിയുന്ന ഗണിതമാർഗമായിരുന്നു സംഗമഗ്രാമമാധവന്റേത്.

**ഹരിദത്തന്റെ 'ഗ്രഹാചാരനിബന്ധനം', സംഗമഗ്രാമമാധവന്റെ 'ചാന്ദ്രവാക്യങ്ങൾ', വടശ്ശേരി പരമേശ്വരൻ നമ്പൂതിരിയുടെ 'ദൃഗ്ഗണിതം' എന്നിവയാണ് കെ വി ശർമ കണ്ടെത്തിയതിൽ ഏറ്റവും പ്രധാനം. 'ഗ്രഹാചാരനിബന്ധന'ത്തിന്റെ അഞ്ചു താളിയോലഗ്രന്ഥങ്ങൾ ശർമ കണ്ടെത്തി.**






മയൂരശിഖയുടെ പുറംചട്ട

അനന്തശ്രേണി (Infinite series) ഉപയോഗിച്ച് ഒരു വൃത്തത്തിന്റെ പരിധി സൂക്ഷ്മമായി നിർണയിക്കാമെന്ന് ആദ്യം കണ്ടെത്തിയതും മാധവനാണ്. ‘വേണ്വാരോഹം’ എന്ന കൃതിയിൽ ചന്ദ്രന്റെ ചലനം കണക്കുകൂട്ടാനുള്ള ക്രിയ ചെയ്യാനുള്ള ചില ഗണിതവാക്യങ്ങൾ മാധവൻ കുറിച്ചിട്ടുണ്ട്. പൈ(π) ഒരു അഭിന്നകസംഖ്യയാണെന്ന് ആധുനിക പാശ്ചാത്യഗണിതശാസ്ത്രം സ്ഥാപിക്കുന്നതിനും രണ്ടു നൂറ്റാണ്ടുമുമ്പ് നീലകണ്ഠ സോമയാജി ‘ആര്യഭടീയ ഭാഷ്യ’ത്തിൽ അത് അവതരിപ്പിച്ചു. വൃത്തത്തിന്റെ ചുറ്റളവ് അതിന്റെ വ്യാസത്തിന്റെ ഗുണിതമായി കൃത്യമായി കണക്കുകൂട്ടാൻ ആവില്ലെന്നും തനിക്കുമുമ്പ് ഇക്കാര്യം മറ്റൊരു കേരളീയഗണിതകാരൻ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്നും സോമയാജി രേഖപ്പെടുത്തുന്നു. മാധവനാകണം അത്.

ഒരു ശ്രേണിയുടെ തുകയായി പൈയുടെ വില കണക്കാക്കാമെന്ന് ലെബ്നിറ്റ്സ് 1673 ൽ കണ്ടുപിടിക്കുന്നതിന് രണ്ടുനൂറ്റാണ്ടു മുമ്പാണ് മാധവൻ ശ്ലോകരൂപേണ വൃത്തത്തിന്റെ ചുറ്റളവ് കണ്ടുപിടിക്കുന്നതിനുള്ള ഗണിതസൂത്രം അവതരിപ്പിച്ചത്. ‘ഗോളവാദം’ എന്ന കൃതി കൂടി രചിച്ചിരുന്നു മാധവൻ. അതിനാൽ ‘ഗോളവിദ്’ എന്നാണ് അദ്ദേഹത്തെ ചിലർ വിശേഷിപ്പിച്ചിരുന്നത്. ആ ഗ്രന്ഥം തേടിയുള്ള യാത്രയ്ക്കൊടുവിലാണ് കേരളീയരുടെ ഉദാസീനതയെക്കുറിച്ച് ശർമയ്ക്ക് കത്തെഴുതേണ്ടിവന്നത്.

ഹരിദത്തന്റെ ‘പരഹിത’ത്തിന്റെ പിഴവുകൾ തീർത്ത നവീനഗണിതരീതിയാണ് മലപ്പുറത്തെ ആലത്തിയൂരുകാരനായ വടശ്ശേരി പരമേശ്വരൻ നമ്പൂതിരിയുടെ ‘ദൃഗ്ഗണിതം’. എന്നെന്നേക്കുമായി നഷ്ടപ്പെട്ടുവെന്ന് കരുതിയ ആ ഗ്രന്ഥം ശർമയുടെ കഠിനാന്വേഷണത്തിന്റെ ഫലമായാണ് ഗണിതലോകത്തിന് ലഭിച്ചത്. ‘ഗോളദീപിക’, ‘ഗ്രഹണാഷ്ടകം’, ‘ഗ്രഹണന്യായദീപിക’, ‘ഗ്രഹണമണ്ഡനം’ എന്നീ കൃതികളുടെ കർത്താവുകൂടിയായിരുന്നു പരമേശ്വരൻ. കേരളീയഗണിതശാസ്ത്രകാരരുടെ സംഭാവനകൾ പുറംലോകത്തെത്തിച്ച ശർമയെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്നുണ്ട് ജോർജ് ഗീവർഗീസ് ജോസഫ് എന്ന ഗണിതചരിത്രകാരൻ. ‘മധ്യകാലകേരളീയഗണിതം: യൂറോപ്പിലേക്ക് പ്രേക്ഷണം ചെയ്തിരിക്കാനുള്ള സാധ്യതകൾ’ എന്ന വിഷയത്തിലായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണം. ‘മയൂരശിഖ’ അടക്കമുള്ള ഗണിതകൃതികളുടെ കർത്താവായ ഗീവർഗീസ് രചിച്ച, ഗണിതശാസ്ത്രത്തിന്റെ യൂറോപ്യേതരമൂല്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ‘മയൂരശിഖ’യിലുമുണ്ട് കേരളീയഗണിതശാസ്ത്രപാരമ്പര്യത്തിന് ഒരു സ്നേഹാർച്ചന.

യൂറോപ്പിനും ലോകഗണിതശാസ്ത്രത്തിനും മാതൃകയും പിൻബലവുമായി നിൽക്കാൻ നമ്മുടെ കൊച്ചു കേരളത്തിലെ അസാമാന്യ പ്രതിഭകൾക്ക് കഴിഞ്ഞുവെന്നത് അമ്പരപ്പിക്കുന്ന യാഥാർഥ്യം തന്നെയാണ്. ആ അമ്പരപ്പിനെയാണ് നാം വിസ്മൃതിയുടെ ചാരംകൊണ്ട് മൂടിവച്ചത്.



വര: അരുണ ആലഞ്ചേരി

# കൊയ്ത്ത്

**ഒ എൻ വി**



വിതയുടെ പാടുക-
ളറിയാതെ പാടത്തെ
കതിർകൊയ്തു പാടും
പനങ്കിളിയേ!

വെറുതേ നിൻ പാട്ടൊന്നു
കേൾക്കുവാൻ മാത്രമീ
വയൽവരമ്പത്തു ഞാൻ
വന്നു നിന്നൂ.

വിരിയുന്ന മന്ദാര-
പത്രം പോലുള്ള നിൻ
ചിറകിന്റെ താളം ഞാൻ
നോക്കി നിന്നൂ.

കതിർമണി കൊത്തി-
ക്കൊറിക്കുമ്പോളാ ചുണ്ടിൻ
ദ്രുതതര ചലനം ഞാൻ
നോക്കി നിന്നൂ.

കിരുകിരെ വരിനെല്ലി-
ന്നുമി പൊടിഞ്ഞുതിരുമ്പോൾ,
അരിമണി മാത്രം
വിഴുങ്ങിടുമ്പോൾ,
വയർ വീർത്തു നീയിരു-
ന്നാരോടെന്നില്ലാതെ
കുറുകുന്ന മൊഴികൾ ഞാൻ
കേട്ടു നിന്നൂ.

അറിയില്ലീതാരേ
വിതച്ചതെന്നും, നിന-
ക്കറിയില്ലീതാരുടെ
ദാനമെന്നും,
അറിയില്ല നന്ദി ചൊ-
ല്ലേണ്ടതാരോടെന്നും
അറിയാതുറക്കെ നീ
പാടിപ്പോകെ,

മുകളിലാകാശവും
താഴെയിപ്പാടവും
അരികിലീ ഞാനും
നിൻ സാക്ഷിയായി!


# പല്ലെടുക്കാൻ പോയ പെൺകുട്ടി

**ബി മുരളി**

പാൽപ്പല്ലുകൾ കൊഴിഞ്ഞ് പുത്തൻപല്ലുകൾ വരുന്ന പരുവത്തിലായിരുന്നു പെൺകുട്ടി. പല്ലുകൾ പലതും വിജയകരമായി കൊഴിഞ്ഞു പോകുകയും അതതിന്റെ സ്ഥാനത്തു പുതിയവ വന്നു കൊണ്ടുമിരുന്നു. കൊഴിഞ്ഞു പോകുന്ന പല്ലുകൾ തലയിണയ്ക്കടിയിൽ വച്ചിട്ട് എന്തെങ്കിലും ആഗ്രഹിച്ചാൽ അതു സാധിക്കുമെന്നായിരുന്നു ക്ലാസിലെ കൂട്ടുകാരികൾ പറഞ്ഞത്. അപ്രകാരം അവൾ ഒട്ടേറെ ബാർബിച്ചിത്രങ്ങളും പാവകളും ചിത്രപുസ്തകങ്ങളും ആഗ്രഹിച്ചു വരുത്തുകയും ചെയ്തു.

എങ്കിലും ഒരു കുഴപ്പമുണ്ടായിരുന്നു. അവൾ വലിയ ബുദ്ധിശാലിയും മിടുക്കിയും ഒക്കെ ആയിരുന്നെങ്കിലും മഹാ പേടിക്കുടല ആയിരുന്നു. എന്തു കണ്ടാലും പേടിക്കും. ഓടിപ്പോയി അമ്മയുടെ അല്ലെങ്കിൽ അച്ഛന്റെയടുത്തു നിൽക്കും. പല്ല് ഇളകിത്തുടങ്ങിയാൽ അതിൽ തൊടാൻ പേടി. ആരെങ്കിലും ഇളക്കിക്കൊടുക്കാമെന്നു പറഞ്ഞാൽ അതിനും പേടി. ഒരാളെയും തൊടീക്കില്ല.





വര: അരുണ ആലഞ്ചേരി

കരഞ്ഞുവിളിച്ചാണ് ഓരോ പല്ലും ഇളക്കിക്കളയുന്നത്. ആദ്യത്തെ പല്ല് ഉറക്കത്തിലാണ് പൊഴിഞ്ഞുപോയത്. രാവിലെ തലയിണയിൽനിന്ന് അതു കണ്ടെത്തുകയായിരുന്നു. എന്നിട്ട് അവൾ ആരും അറിയാതെ അതു തലയിണയുടെ അടിയിലോട്ടുവച്ച് ആദ്യത്തെ ബാർബിക്കുവേണ്ടി വിഷ് ചെയ്തു. അന്നു വൈകിട്ടുതന്നെ അവളുടെ അച്ഛൻ അതു വാങ്ങിക്കൊടുക്കുകയും ചെയ്തു. രണ്ടാമത്തെ പല്ല് അമ്മൂമ്മ ആക്രമിച്ചു പറിച്ചുകളയുകയായിരുന്നു. മുമ്പിലെ പല്ലാണ്. അതു പൊഴിഞ്ഞുപോയി നേരേ ചൊവ്വേ വന്നില്ലെങ്കിൽ പിന്നെ കൊച്ചിനെ കാണാൻ കൊള്ളില്ല എന്ന അമ്മൂമ്മയുടെ വാദമൊന്നും അവൾ കൂട്ടാക്കിയില്ല. വായടച്ചുവച്ച് ഒറ്റ ഇരിപ്പായിരുന്നു. അമ്മൂമ്മ ബലം പിടിച്ചു തുറപ്പിച്ച് അതിനെ പിന്നീട് വലിച്ചിളക്കിക്കളഞ്ഞു.

ഇങ്ങനെയായിരുന്നു അവളുടെ പല്ലുകളുടെ വരവും പോക്കും. കൂട്ടുകാരികളുടെയൊക്കെ പല്ലുകൾ സമയാസമയത്തുതന്നെ മനോഹരമായി ഇളകിപ്പോകുകയും പൂർവാധികം ഭംഗിയായി പ്രത്യക്ഷപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. പേടിച്ചു പേടിച്ച് പല്ലിളക്കൽപ്രവൃത്തി തുടർന്നതിനാൽ പിന്നീടു വരുന്ന പല്ലുകളൊക്കെ കാലം തെറ്റി തെക്കുവടക്കു വരാൻ തുടങ്ങി. അതു കണ്ടപ്പോൾ പെൺകുട്ടിക്കും വിഷമമായി. അമ്മയും അച്ഛനും അമ്മൂമ്മയുമൊക്കെ അവളെ കുറ്റപ്പെടുത്താനും തുടങ്ങി. ഞങ്ങൾ പറയുന്ന കേട്ട് പല്ലിളക്കിയിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നല്ലോ എന്നായിരുന്നു അവരുടെ കുറ്റപ്പെടുത്തൽ.

അതു ശരിയാണെന്ന് അവൾക്കും തോന്നി.

അങ്ങനെയിരിക്കെ ഒരു സുപ്രധാന പല്ലിന് ആട്ടം തുടങ്ങി. ആദ്യമൊക്കെ അത് അവൾ അച്ഛനമ്മമാരിൽനിന്നും അമ്മൂമ്മയിൽനിന്നും മറച്ചുവച്ചു. എന്നാൽ പൊഴിഞ്ഞുപോയിട്ടു വരുന്ന പുതിയ പല്ലിന്റെ കാര്യം ഓർത്തപ്പോൾ അവൾക്ക് ആധിയായി. അതിനാൽ അവൾ പല്ലാടുന്ന രഹസ്യം പരസ്യമാക്കി. അത് ഇളക്കിക്കളയുന്ന പണി എല്ലാവരുടേതുമായി. പക്ഷേ പല്ലിനടുത്തേക്കു ചെല്ലുമ്പോൾ അവൾ നിലവിളിച്ചു തുടങ്ങും. അങ്ങനെയാണ് അച്ഛൻ അവളെ ഒരു ദന്തഡോക്ടറുടെ അടുത്തേക്കു കൊണ്ടുപോകാൻ തീരുമാനിച്ചത്.

''നാളെയും ഇത് ഇളകിയില്ലെങ്കിൽ നമുക്ക് ആശുപത്രിയിൽ പോകാം.''

**ആശുപത്രിയുടെ വരാന്തയിലെ ചിത്രങ്ങൾ അവളെ പേടിപ്പിച്ചു. കേടുവന്നതും അല്ലാത്തതുമായ പല്ലുകളുടെ കൂറ്റൻ ചിത്രങ്ങൾ എല്ലായിടത്തും. പല്ലു സമയത്തു പറിച്ചു കളഞ്ഞില്ലെങ്കിൽ ഉണ്ടാകുന്ന കുഴപ്പങ്ങളെപ്പറ്റി വലിയ അക്ഷരങ്ങളിൽ അവിടവിടെ എഴുതി വച്ചിരിക്കുന്നു. അവൾക്കു വല്ലാത്ത കുറ്റബോധവും പിന്നാലെ ഭയവും തോന്നി. പിന്നെ അവൾക്കു മനസ്സിലാകാത്ത കാര്യങ്ങൾ വേറെയും എഴുതി വച്ചിട്ടുണ്ട്. അതു കാണുമ്പോഴാണ് അവൾക്കു കൂടുതൽ പേടി തോന്നിയത്.**

അച്ഛൻ പറഞ്ഞു.

അവൾ സമ്മതിച്ചു. നാളെ എന്നു പറഞ്ഞെങ്കിലും രണ്ടു മൂന്നു ദിവസം പല്ലിന് സ്വയം കൊഴിയാനുള്ള അവസരം എല്ലാവരുംകൂടി കൊടുത്തു. നാലാംദിവസം രാവിലെ അവൾ തന്നെ പറഞ്ഞു: ''നമുക്ക് ആശുപത്രിയിൽ പോകാം.''

അങ്ങനെയാണ് അച്ഛനും അമ്മയും പെൺകുട്ടിയും കൂടി പല്ലുഡോക്ടറുടെ അടുത്തുപോയത്. ഡോക്ടറെ കാണാൻ കുറെനേരം കാത്തിരിക്കേണ്ടിവന്നു. ആശുപത്രിയുടെ വരാന്തയിലെ ചിത്രങ്ങൾ അവളെ പേടിപ്പിച്ചു. കേടുവന്നതും അല്ലാത്തതുമായ പല്ലുകളുടെ കൂറ്റൻ ചിത്രങ്ങൾ എല്ലായിടത്തും. പല്ലു സമയത്തു പറിച്ചു കളഞ്ഞില്ലെങ്കിൽ ഉണ്ടാകുന്ന കുഴപ്പങ്ങളെപ്പറ്റി വലിയ അക്ഷരങ്ങളിൽ അവിടവിടെ എഴുതി വച്ചിരിക്കുന്നു. അവൾക്കു വല്ലാത്ത കുറ്റബോധവും പിന്നാലെ ഭയവും തോന്നി. പിന്നെ അവൾക്കു മനസ്സിലാകാത്ത കാര്യങ്ങൾ വേറെയും എഴുതിവച്ചിട്ടുണ്ട്. അതു വലിയവരുടെ പല്ലിന്റെ കാര്യമാണ്. അതു കാണുമ്പോഴാണ് അവൾക്കു കൂടുതൽ പേടി തോന്നിയത്. കൂർത്തതും പൊട്ടിയതും കുഴിവീണതും നിറം മാറിയതുമായ പല്ലുകളുടെ ചിത്രങ്ങളിൽനിന്ന് അവൾ കണ്ണെടുക്കാൻ പരമാവധി ശ്രമിച്ചു. പക്ഷേ എങ്ങോട്ടു നോക്കിയാലും അവതന്നെ. അവൾ അമ്മയോടു ചേർന്നിരുന്നു. അച്ഛൻ എന്തോ മാസിക കിട്ടിയത് ഗൗരവത്തിൽ വായിക്കുകയാണ്. അവൾ അതിലേക്ക് എത്തിനോക്കി. കഷ്ടം. അതും പല്ലിനെപ്പറ്റിത്തന്നെ. അച്ഛൻ വായിക്കുന്ന പേജിലുമുണ്ട് പല്ലിന്റെ ഒരു വലിയ ചിത്രം. ചിത്രകഥയിലെ ഡ്രാക്കുള തനിക്കു

നേരെ പല്ലിളിച്ചു വരുന്നതു പോലെ അവൾക്കു തോന്നി. ഭാഗ്യം. അപ്പോഴേക്കും അവളുടെ ഊഴമായി. അമ്മയും അച്ഛനും പെൺകുട്ടിയും ഡോക്ടറുടെ മുറിയിലേക്കു പ്രവേശിച്ചു.

ഡോക്ടറുടെ മുറിയിലും നിറയെ പല്ലുചിത്രങ്ങൾ. അവൾ അവിടെനിന്നു കണ്ണു മാറ്റി മുറിയിലെ മറ്റു കാര്യങ്ങൾ ശ്രദ്ധിച്ചു. കട്ടിലുപോലെ കിടക്കാൻ പാകത്തിൽ വിചിത്രമായ ഒരു കസേര. അതിന് എന്തൊക്കെയോ മാതിരി കൈയും കാലും. ഡോക്ടർ അവളെ നോക്കി ചിരിച്ചു. എന്നിട്ട് അവളോടും ചിരിക്കാൻ പറഞ്ഞു. അവൾ മനസ്സില്ലാമനസ്സോടെ ചിരിച്ചു. ചിരിവരാതെ ജീവിതത്തിൽ അവൾ ആദ്യമായി ചിരിക്കുകയാണ്. ഡോക്ടറുടെ മുഖം ഗൗരവത്തിലായി.

''പല്ലൊന്നും നല്ലപോലല്ലല്ലോ വരുന്നത്?''

അദ്ദേഹം കുറ്റപ്പെടുത്തുന്നതുപോലെ പറഞ്ഞു. അവൾ വായടച്ചു.

''സമയത്തു പല്ലുകൾ ഇളക്കിക്കളയുന്നില്ല, അല്ലേ?''

ഡോക്ടർ ചോദിച്ചു.

''ഇല്ല ഡോക്ടർ, അവൾ എത്രപറഞ്ഞാലും കേൾക്കില്ല. ഇളക്കിക്കളയാൻ സമ്മതിക്കുകയുമില്ല.''

അമ്മ പരിഭവത്തോടെ പറഞ്ഞു.

പല്ലു തേക്കുന്നതിനെപ്പറ്റിയും വായ് അടച്ചുവച്ച് ഉറങ്ങുന്നതിനെപ്പറ്റിയുമൊക്കെ വളരെ നേരം ഡോക്ടർ അവൾക്ക് ഉപദേശം കൊടുത്തു. ഉറങ്ങുമ്പോൾ വായ് അടഞ്ഞാണോ തുറന്നാണോ ഇരിക്കുന്നത് എന്ന് എങ്ങനെ അറിയാൻ പറ്റും എന്ന് അവൾക്കു ചോദിക്കാൻ തോന്നി. പക്ഷേ ഇത്തരം ചോദ്യങ്ങളൊക്കെ അവൾ വീട്ടിലേ ഉന്നയിച്ചിരുന്നുള്ളൂ.

പിന്നെ ഡോക്ടർ അവളോട് ആ കിടക്കക്കസേരയിൽ ചാരിയിരിക്കാൻ പറഞ്ഞു. പൊടുന്നനെ അകത്തെ മുറിയിൽനിന്ന് ഒരു നഴ്സ് പ്രത്യക്ഷപ്പെട്ടു. കൈയിൽ ഒരു പാത്രമുണ്ട്. അതിൽ എന്തൊക്കെ കമ്പിക്കഷണങ്ങൾ. അതിൽ ഒന്നെടുത്ത് ഡോക്ടർ അവളുടെ വായിലേക്കു കടത്തി. അവൾ അറിയാതെ വായ് പൊളിച്ചുപോയി. അദ്ദേഹത്തിന്റെ കൈയിലെ ഉപകരണം അവളുടെ ആടുന്ന പല്ലിന്റെ അടുത്തെത്തി. പെൺകുട്ടിക്ക് കൈയും കാലും വിറയ്ക്കാൻ തുടങ്ങി.

**ഡോക്ടർ അവളോട് ആ കിടക്കക്കസേരയിൽ ചാരിയിരിക്കാൻ പറഞ്ഞു. പൊടുന്നനെ അകത്തെ മുറിയിൽ നിന്ന് ഒരു നഴ്സ് പ്രത്യക്ഷപ്പെട്ടു. കൈയിൽ ഒരു പാത്രമുണ്ട്. അതിൽ എന്തൊക്കെ കമ്പിക്കഷണങ്ങൾ. അതിൽ ഒന്നെടുത്ത് ഡോക്ടർ അവളുടെ വായിലേക്കു കടത്തി. അവൾ അറിയാതെ വായ് പൊളിച്ചുപോയി. അദ്ദേഹത്തിന്റെ കൈയിലെ ഉപകരണം അവളുടെ ആടുന്ന പല്ലിന്റെ അടുത്തെത്തി. പെൺകുട്ടിക്ക് കൈയും കാലും വിറയ്ക്കാൻ തുടങ്ങി.**

''പേടിക്കേണ്ട.''

നഴ്സ് അവളോടു സ്നേഹത്തോടെ പറഞ്ഞു.

''ഈ പല്ല് ഇനി വച്ചുകൊണ്ടിരിക്കേണ്ട.''

ഡോക്ടർ അമ്മയെനോക്കി പറഞ്ഞു.

''ഇതു നന്നായി ആടിത്തുടങ്ങിയിട്ടില്ല. പക്ഷേ, അതിനിടയിലൂടെ പുതിയ പല്ലു വരുന്നുണ്ട്. പിന്നെ അതു സ്ഥാനം തെറ്റും. അങ്ങ് ഇളക്കിക്കളഞ്ഞേക്കാം. എന്താ?''

അമ്മയും അച്ഛനും സമ്മതിച്ചു. പെൺകുട്ടിക്കു പേടി കൂടാൻ തുടങ്ങി. അവളുടെ കണ്ണിൽനിന്നും വെള്ളമൊഴുകാൻ തുടങ്ങി. നഴ്സ് അവളെ ചേർത്തുപിടിച്ച് പേടിക്കേണ്ടെന്നു പറഞ്ഞുകൊണ്ടിരുന്നു. അവർക്ക് എപ്പോഴും ഇതു മാത്രമേ പറയാനുള്ളൂ. ഡോക്ടർ ഉറയിട്ട വിരൽകൊണ്ട് പല്ല് ഒന്നുകൂടി ആട്ടി നോക്കി. അവൾ ഒരു കൂവൽ കൂവി. എല്ലാവരും ഞെട്ടിപ്പോയി. ഇത്രയും നേരം മിണ്ടാതിരുന്ന അവളുടെ ആദ്യത്തെ പ്രതികരണമായിരുന്നു അത്. പേടിക്കേണ്ട എന്നു വീണ്ടും നഴ്സ് പറഞ്ഞു.

പിന്നെ ഡോക്ടർ വേറൊരു പാത്രം എടുത്ത് കസേരക്കൈയിലെ തട്ടിൽ വച്ചു. അവൾ പാളിനോക്കി. ദൈവമേ, കൊട്ടും കൊടിലുമൊക്കെയായി പത്തുപതിനഞ്ച് ഉപകരണങ്ങൾ, വലുതും ചെറുതുമായ കത്രികകൾ. അവൾ അലറിക്കരയാൻ തുടങ്ങി. അതുകണ്ടപ്പോൾ അവളുടെ അമ്മയ്ക്കും കരച്ചിൽ വന്നു.

''ഞങ്ങൾ നോക്കിക്കൊള്ളാം. നിങ്ങൾ വെളിയിൽ ഇരുന്നോളൂ.''

ഡോക്ടർ പറഞ്ഞു.

അവൾ മുറിയിൽ ഒറ്റയ്ക്കായി. നഴ്സ് അവളുടെ കാലിൽ പിടിച്ചു. അവൾ വീണ്ടും അലറിക്കൊണ്ട് അവരെ ചവിട്ടിമാറ്റാൻ ശ്രമിച്ചു. അലർച്ച വെളിയിലേക്കു വന്നപ്പോൾ അമ്മ വീണ്ടും വിഷമിക്കാൻ തുടങ്ങി. പെട്ടെന്ന് നഴ്സ് പുറത്തേക്കുവന്ന് പറഞ്ഞു.

''അമ്മ കൂടി വാ.''

അമ്മ ഒരു കാലിലും നഴ്സ് അവളുടെ മറ്റേ





കാലിലും പിടിച്ചു. ഡോക്ടർ അപ്പോഴാണ് മറ്റൊരു ഘോര കൃത്യം ചെയ്യാൻ ഒരുമ്പെട്ടത്. ഒരു നീണ്ട സിറിഞ്ചിൽ അദ്ദേഹം എന്തോ നിറയ്ക്കുന്നു. ഇഞ്ചക്ഷൻ എടുക്കാനാണോ? അവൾക്ക് അക്കാര്യം ഭയങ്കര പേടിയാണ്. അദ്ദേഹം അതു വായ്ക്കകത്തേക്കാണ് കൊണ്ടുവരുന്നത്. ഡോക്ടർ അവളുടെ വായ്ക്കകത്തേക്ക് സൂചി കയറ്റി. അവൾക്കു ശബ്ദം പുറത്തേക്കു വന്നില്ല. തൊണ്ടകൊണ്ട് മുരണ്ടു.

മോണയിൽ ഒരു കുത്തൽ അവൾക്ക് അനുഭവപ്പെട്ടു. വായ്ക്കുള്ളിൽ എന്തോ മരവിപ്പു വരുന്നു. പിന്നെ ഡോക്ടർ ഒരു കൊടിൽ എടുത്തു. ഞണ്ടിന്റെ കാൽ പോലെ അതു വായിലേക്കു കയറി. അവൾ കൂകിവിളിച്ചു. ആശുപത്രി കിടുങ്ങി. ഇപ്പോ അതു തന്റെ പല്ലു പിഴുതെടുക്കും. അവൾ വീണ്ടും നിലവിളിച്ചു. കൈകാലിട്ടടിച്ചു.

കണ്ണടച്ചു തുറക്കുമ്പോഴേക്കും ഡോക്ടർ ചിരിച്ചുകൊണ്ടു കൊടിൽ ഉയർത്തിക്കാണിച്ചു. അതിന്റെ അറ്റത്ത് ചോര പുരണ്ട ഒരു പല്ല്.

''കഴിഞ്ഞു. ഇത്രയേയുള്ളൂ!''

'ഇത്രയേയുള്ളോ!' അവൾ ചിന്തിച്ചു. വായ്ക്കകത്തെ തരിപ്പു മാറിയിട്ടില്ല. കുറച്ചു പഞ്ഞി വായിൽ വച്ചു കടിച്ചു പിടിക്കാൻ നഴ്സ് പറഞ്ഞു. ആ പല്ലിങ്ങു തന്നിരുന്നെങ്കിൽ തലയിണയുടെ അടിയിൽ വയ്ക്കാമായിരുന്നു. അവൾ ചിന്തിച്ചു. തിരിച്ചു വീട്ടിൽ വന്ന് വായൊക്കെ കഴുകി അമ്മൂമ്മയുടെ മടിയിൽ തല വച്ചു കിടക്കുമ്പോൾ അമ്മൂമ്മ ചോദിച്ചു.

''പല്ലെടുക്കുമ്പോൾ വേദനയുണ്ടായിരുന്നോ?''

ആദ്യം അവൾ ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു.

''ഈ ഡോക്ടർമാർക്ക് ഒരു ബുദ്ധിയുമില്ല. കൊച്ചുകുട്ടികളുടെ പല്ലെടുക്കുമ്പോൾ അവരുടെ കണ്ണു പൊത്തിപ്പിടിക്കേണ്ടേ?''

bmuralinow@gmail.com

# നമ്മുടെ അക്കങ്ങൾ

**പള്ളിയറ ശ്രീധരൻ**

0,1,2,3,4,5,6,7,8,9 എന്നിങ്ങനെ പത്തക്കങ്ങൾ ഉപയോഗിച്ചാണ് ഇപ്പോൾ ലോകത്തിൽ ഭൂരിപക്ഷം പേരും സംഖ്യകൾ എഴുതുന്നത്. ഈ പത്തക്കങ്ങൾ ഹിന്ദു-അറബ് അക്കങ്ങൾ (Hindu - Arab Numerals) എന്നറിയപ്പെടുന്നു. ഇവ ഉപയോഗിച്ച് എത്ര കോടി സംഖ്യകൾ വേണമെങ്കിലും എഴുതാം.

ഈ അക്കങ്ങൾ ലോകത്തിൽ പ്രചാരം നേടുന്നതിനു മുമ്പ് കൂടുതൽ പ്രചാരത്തിലുണ്ടായിരുന്നത് റോമൻ അക്കങ്ങളായിരുന്നു. സ്ഥാനവിലകൾ ഉപയോഗിക്കാത്തവയാണ് റോമൻ അക്കങ്ങൾ. ഇതിൽ സ്ഥാനവിലകൾ ഉപയോഗിക്കുന്നില്ല. 10 എന്നതിന് രണ്ട് അക്കങ്ങളും 100 എന്നതിന് മൂന്നക്കങ്ങളും ഹിന്ദു അറബ് അക്കസമ്പ്രദായത്തിൽ ഉപയോഗിക്കുമ്പോൾ റോമക്കാർ പത്തിന് X എന്നും നൂറിനു C യുമാണ് ഉപയോഗിക്കുന്നത്.

പത്ത് എന്നത് യഥാർഥത്തിൽ രണ്ട് V ആണ്. അഞ്ചു വിരലുകളുള്ള നമ്മുടെ കൈപ്പത്തി നിവർത്തി പിടിച്ചാലുള്ള ആകൃതിയിൽ നിന്നാണ് അവർക്ക് അഞ്ചിനുള്ള ചിഹ്നമായ V കിട്ടിയത്. നൂറ് എന്നതിനുള്ള വാക്കായ Centum ത്തിന്റെ ആദ്യാക്ഷരമാണ് C. മലയാളത്തിൽ പത്തിന് ൰ എന്നും നൂറിന് ൱ എന്ന ലിപിയുമാണ്



| പേര് | ചിഹ്നം |
|---|---|
| പൂജ്യം | ൦ |
| ഒന്ന് | ൧ |
| രണ്ട് | ൨ |
| മൂന്ന് | ൩ |
| നാല് | ൪ |
| അഞ്ച് | ൫ |
| ആറ് | ൬ |
| ഏഴ് | ൭ |
| എട്ട് | ൮ |
| ഒൻപത് | ൯ |

| ഭിന്നിതം | പേര് | ചിഹ്നം |
|---|---|---|
| 1/4 | കാൽ | ൳ |
| 1/2 | അര | ൴ |
| 3/4 | മുക്കാൽ | ൵ |
| 1/5 | നാലു മാ | ൞ |
| 1/8 | അരക്കാല് | ൷ |
| 1/10 | രണ്ടു മാ | ൜ |
| 1/16 | മാകാണി | ൶ |
| 1/20 | ഒരു മാ | ൛ |
| 1/40 | അര മാ | ൙ |
| 1/80 | കാണി | മ |
| 1/160 | അരക്കാണി | ൘ |
| 1/320 | മുന്തിരി | ഷ്ഠ |
| 3/80 | മൂന്നുകാണി | ൚ |
| 3/16 | മുന്താണി | ൸ |

ഉപയോഗിക്കുന്നത്. ആയിരം ൌ എന്ന ചിഹ്ന ത്താൽ സൂചിപ്പിക്കുന്നു.

സംഖ്യകൾ ആശയങ്ങൾ മാത്രമാണ്. ലോകത്ത് ആയിരക്കണക്കിന് ഭാഷകളുണ്ട്. മിക്കവാറും ഭാഷകൾക്ക് സ്വന്തമായി ലിപിയുണ്ട്. അക്ഷര ത്തിനും അക്കത്തിനും പ്രത്യേകം പ്രത്യേകം ലിപിയുണ്ടാകും. പക്ഷേ അക്ഷരലിപി മാത്രമേ പലരും പരിഗണിക്കാറുള്ളൂ.

നമ്മുടെ മലയാളത്തിനുമുണ്ട് അക്കലിപികൾ. പക്ഷേ നിർഭാഗ്യവശാൽ ഭൂരിപക്ഷം മലയാളി കൾക്കും ഇവ പരിചിതമല്ല. അക്കങ്ങളെ സൂചി പ്പിക്കാനും വിവിധ ഭിന്നിതങ്ങളെ സൂചിപ്പി ക്കാനും മലയാളത്തിൽ പ്രത്യേക ചിഹ്ന ങ്ങളും ലിപിയുമുണ്ട്.

ഇംഗ്ലീഷുകൾക്ക് ഭിന്നിതത്തിന് പ്രത്യേക പേരു ള്ളത് അരയ്ക്കും (half) കാലിനും (quarter) മാത്രമാണ് എന്നറിയുന്നു. മറ്റുള്ളവയ്ക്ക് പ്രത്യേക പേരുപയോഗിക്കാതെ one by tenth, one third, two third എന്നിങ്ങനെ അതേപടി ഉപയോ ഗിക്കുന്നു. അപ്പോൾ ഇംഗ്ലീഷിനേക്കാൾ കേമം മലയാളം തന്നെ!! പക്ഷേ ഭൂരിപക്ഷം മലയാളി കൾക്കും മലയാളത്തിലെ പേരും അക്കങ്ങളും അജ്ഞാതമാണ് എന്നത് നിർഭാഗ്യകരമാണ്. നാം നമ്മുടെ പാരമ്പര്യത്തെ അറിയുകയും ആ അറിവുകളെ സംരക്ഷിക്കുകയും വേണം.





വര: അരുണ ആലഞ്ചേരി

# കാ കാ ... കൂ കൂ

സുദർശൻ കൈനകരി

ഞങ്ങളുടെ വീട്ടിൽ മാവുണ്ടേ
മാവിന്മേലൊരു കൂടുണ്ടേ
കാക്കയൊരുക്കിയ കൂടുണ്ടേ
കൂട്ടിൽ മുട്ടകൾ നാലുണ്ടേ
രാവും പകലും കാക്കച്ചി
ചൂടു പകർന്നൂ മുട്ടയ്ക്ക്
മുട്ട വിരിഞ്ഞു കുഞ്ഞുകരഞ്ഞു
കാകാകാ... കൂ കൂ കൂ!



# നാടൻകലകൾ കേരളത്തിൽ

ഫോട്ടോ: Rakesh S



ഡോ. എം വി വിഷ്ണുനമ്പൂതിരി

**കേരളസംസ്കാരത്തിന്റെ ഭാഗമാണ് നാടൻ കലാരൂപങ്ങൾ. വളരെ ചെറിയൊരു സംസ്ഥാനമാണെങ്കിൽപ്പോലും നിരവധി കലാരൂപങ്ങൾ ഇവിടെക്കാണാം. ഓരോ കൊച്ചുപ്രദേശത്തും കാണും അവരവരുടെതായ കലാരൂപങ്ങൾ. ഓരോ വിഭാഗക്കാർക്കും കാണും അവരുടേതു മാത്രമായ കലകൾ. ഇവയിൽ ബഹുഭൂരിപക്ഷവും വിശ്വാസങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നവകൂടിയാണ്. കേരളത്തിന്റെ തനതു കലകളെ പരിചയപ്പെടാനുള്ള അവസരമാണ് ഈ ഫീച്ചർ.**

കൃത്രിമത്വമില്ലാത്ത ആവിഷ്കാരങ്ങൾ–ജനജീവിതവുമായി ബന്ധപ്പെട്ട നാടൻകലകളുടെ പ്രത്യേകതയാണിത്. കേരളത്തിലെ നാടൻകലകളിൽ നല്ലൊരു ഭാഗവും ചില വംശ (സമുദായ)ക്കാരുടെ പൈതൃകമോ കുലത്തൊഴിലോ ആണ്. മലയൻകെട്ട്, വേലൻ തുള്ളൽ, വണ്ണാൻകൂത്ത് എന്നിങ്ങനെ വർഗനാമം ചേർത്തു പറയുന്ന കലകളുണ്ട്. സർപ്പംതുള്ളൽ പുള്ളുവരുടെയും, തീയാട്ട് തീയാടിമാരുടെയും, കോതാമൂരിയാട്ടം മലയരുടെയും, മാരിയാട്ടം കോലത്തുനാട്ടിലെ പുലയരുടെയും, മാർഗംകളി ക്രൈസ്തവരുടെയും, പാക്കനാർ തുള്ളൽ പറയരുടെയും, കുറുന്തിനിപ്പാട്ട് വണ്ണാന്മാരുടെയും കലകളാണ് എന്നു പറയാം. കാളിയാട്ടം, ചെറുനീലിയാട്ടം, ഭദ്രകാളിയാട്ടം, ഐവർകളി, ദഫ്കളി എന്നിങ്ങനെ ജാതി-വർഗ-മത ബന്ധമുള്ള നാടൻകലകൾ നിരവധിയാണ്.

അനുഷ്ഠാനപരമായ നാടൻകലകളും എണ്ണത്തിൽ കുറവല്ല. തെയ്യം/തിറ, തീയാട്ട്, കാളിയൂട്ട്, മുടിയേറ്റ്, കണ്യാർകളി, പൂരക്കളി, കോലംതുള്ളൽ, ബലിക്കള, മലയൻകെട്ട്, പാനതുള്ളൽ, മാരിയാട്ടം തുടങ്ങിയവയെല്ലാം അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

മറ്റുള്ളവയെയെല്ലാം

ലൗകികകലകൾ എന്നാണു പറയുന്നത്. അമ്മാനക്കളി, ഉറിയടികളി, കോൽക്കളി/ കമ്പടിക്കളി, കുമ്മാട്ടികളി, കൈകൊട്ടിക്കളി, ചരടുപിന്നിക്കളി, വേലകളി, തുമ്പിതുള്ളൽ, പരിചകളി, ചുവടുകളി, ചിമ്മാനക്കളി, പരിചമുട്ടുകളി, വട്ടക്കളി തുടങ്ങിയവ ലൗകികസ്വഭാവമുള്ള നാടൻ കലകളാണ്. വിനോദങ്ങളുമായോ, തൊഴിലുകളുമായോ ബന്ധമുള്ളവയാണ് ഇവയിൽ പലതും. കാർഷികരംഗവുമായി ബന്ധപ്പെട്ട കതിർവേല, കാളവേല, ഒക്കൽ തുടങ്ങിയവയും ലൗകികകലകളാണ്. വിവിധ പാരമ്പര്യങ്ങളിൽ ഉദിച്ചതും വിവിധ സ്വഭാവവും ധർമവും ഉള്ളതുമായ അനേകം നാടൻകലകൾ കേരളത്തിലുണ്ട്. അവയിൽ മുഖ്യമായ ഏതാനും കലകളെ പരിചയപ്പെടാം.

## തെയ്യം/തിറ

കേരളത്തിലെ അനുഷ്ഠാന കലകളിൽ പ്രമുഖസ്ഥാനത്തു നിൽക്കുന്നതാണ് തെയ്യം/ തിറ. ഒരേ കലാരൂപത്തിന്റെ പ്രാദേശികഭേദങ്ങളാണ് തെയ്യവും തിറയും. 'ദൈവം' എന്ന പദത്തിൽ നിന്നാണ് 'തെയ്യം' എന്ന തദ്ഭവരൂപമുണ്ടായത്. ദേവതയുടെ ഉഗ്രനർത്തനരൂപത്തിലുള്ള ആവിഷ്കാരമാണ് തിറയിൽ. പഴയ കോലത്തുനാടിന്റെ മിക്ക ഭാഗങ്ങളിലും തെയ്യാട്ടമാണ്. വേട്ടയ്ക്കൊരുമകൻ തുടങ്ങി ചുരുക്കം കോലങ്ങൾക്കുമാത്രമേ അവിടങ്ങളിൽ 'തിറ' എന്നു പേരുള്ളൂ. കണ്ണൂർജില്ലയുടെ ദക്ഷിണ പ്രാന്തങ്ങൾതൊട്ട് മലപ്പുറം വരെയുള്ള പ്രദേശങ്ങളിൽ 'തിറ' എന്നാണ് എല്ലാ കോല(തെയ്യ)ങ്ങൾക്കും പറഞ്ഞു വരുന്നത്.

മലയൻ, വണ്ണാൻ, തുളുവേലൻ, കോപ്പാളൻ, ചിങ്കത്താൻ, മാവിലൻ, അഞ്ഞൂറ്റാൻ, പുലയൻ തുടങ്ങിയവരാണ് കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ തെയ്യാട്ടം നടത്താറുള്ളത്. പാണൻ, മുന്നൂറ്റാൻ, പെരുവണ്ണാൻ, മണ്ണാൻ, പുലയൻ എന്നീ സമുദായത്തിൽപ്പെട്ടവർ തിറയാട്ടമാണ് പതിവ്. ഇവരുടെയെല്ലാം കലാവതരണങ്ങളിൽ ചെറിയ ചില വ്യത്യാസങ്ങൾ കണ്ടേക്കാം എന്നുമാത്രം. കേരളത്തിലെ മറ്റൊരു കലയിലും കാണാത്തത്ര ദേവതകളുടെ കോലങ്ങൾ തെയ്യാട്ടത്തിലും തിറയാട്ടത്തിലുമുണ്ട്.

തെയ്യങ്ങൾക്കു പാടുന്ന അനുഷ്ഠാനപ്പാട്ടുകളെ തോറ്റംപാട്ടുകൾ എന്നാണ് പറയുക. ദേവതാസങ്കല്പങ്ങളും പുരാവൃത്തങ്ങളും ആ പാട്ടുകളിലൂടെയാണ് വ്യക്തമാക്കുന്നത്.

## തീയാട്ട്

രണ്ടുതരം തീയാട്ടാണുള്ളത്. ഇതിൽ ഭദ്രകാളിത്തീയാട്ട്, കൊച്ചി-തിരുവിതാംകൂർ പ്രദേശത്തും അയ്യപ്പൻ തീയാട്ട് മലബാർപ്രദേശത്തുമാണ് പ്രചാരത്തിലുള്ളത്.



കുണ്ടാടി ചാമുണ്ഡി തെയ്യം

ഫോട്ടോ: Mullookkaaran

അയ്യപ്പൻകാവുകളിലും ചില ശിവക്ഷേത്രങ്ങളിലും അയ്യപ്പൻതീയാട്ടു നടത്തിവരുന്നു, ഭദ്രകാളിത്തീയാട്ട് ഭദ്രകാളിക്കാവുകളിലും ചില പ്രശസ്തശിവക്ഷേത്രങ്ങളിലും.

കാവുകളുടെ മുമ്പിലുള്ള കൊട്ടിലിലോ, പ്രത്യേകം നിർമിച്ച പന്തലിലോ ആണ് തീയാട്ടു നടത്താറുള്ളത്. ഉച്ചപ്പാട്ട്, കളമെഴുത്ത്, സന്ധ്യക്കൊട്ട്, എതിരേല്പ്, കളംപൂജ, കളംപാട്ട്, കളത്തിലാട്ടം (കളമൊഴിക്കൽ), കഥാഭിനയം തുടങ്ങിയ രംഗങ്ങൾ തീയാട്ടിൽ പൊതുവെ ഉണ്ടാകും.

കളമെഴുത്ത് തീയാട്ടിനു പ്രധാനമാണ്. ഭദ്രകാളിത്തീയാട്ടിന് നാലോ എട്ടോ പതിനാറോ കൈകളോടുകൂടിയ രൂപക്കളം പഞ്ചവർണപ്പൊടി കൊണ്ട് ചിത്രീകരിക്കും. അയ്യപ്പൻ തീയാട്ടിന് വില്ലും അമ്പും എടുത്തരൂപം, പുലിയോടു ചേർന്നു നിൽക്കുന്ന രൂപം, പ്രഭാമണ്ഡലത്തോടുകൂടിയ രൂപം, കേശപാലകിരീടത്തോടുകൂടിയ രൂപം എന്നിങ്ങനെ ശാസ്താവിന്റെ വിവിധ രൂപങ്ങളിലൊന്നാണ് ചിത്രീകരിക്കുക.

തീയാട്ടിൽ കഥാഭിനയം പ്രധാനമാണ്. ഭദ്രകാളിത്തീയാട്ടിൽ, കാളിയുടെ വേഷത്തിലാണ് തീയാട്ടുണ്ണി പുറപ്പെടുക. വേഷത്തിനു കിരീടവും മുഖത്തുതേയ്പ്പും ഉടുപ്പും മറ്റു ചമയങ്ങളുമുണ്ട്.


ഭദ്രകാളി തീയാട്ട്

ഫോട്ടോ: Bijujoswin

മുഖത്ത് കരിതേച്ച് മസൂരിക്കലയുടെ ആകൃതിയിൽ വെളുത്ത ചുട്ടി കുത്തും. ദാരികനെ വധിച്ചകാര്യം ശ്രീമഹാദേവനെ അറിയിക്കുന്ന മട്ടിലുള്ളതാണ് കാളിത്തീയാട്ടിലെ കഥാഭിനയം. അയ്യപ്പൻ തീയാട്ടിൽ നന്ദികേശ്വരസങ്കല്പത്തിലുള്ള വേഷമാണ് അഭിനയിക്കുന്നത്. ശിവാജ്ഞയനുസരിച്ച് നന്ദികേശ്വരൻ അയ്യപ്പന്റെ കഥ അയ്യപ്പനെ അറിയിക്കുന്ന മട്ടിലുള്ളതാണ് അതിലെ കഥാഭിനയം.

തീയാട്ടിനു 'പറ'യാണ് പ്രധാനവാദ്യം. കുഴതാളം, ഇലത്താളം, ചെണ്ട എന്നിവ ഉപയോഗിക്കുന്ന സന്ദർഭങ്ങളുമുണ്ട്. തീയാട്ടിന്റെ ഓരോ ചടങ്ങിനും രംഗത്തിനും പ്രത്യേകം പാട്ടുകൾ പാടും.

## മുടിയേറ്റ്

ഭഗവതി/ ഭദ്രകാളി ക്ഷേത്രം/ കാവുകളിൽ നടത്തി വരാറുള്ള മുടിയേറ്റ് കാളീ-ദാരിക പുരാവൃത്തത്തെ പശ്ചാത്തലമാക്കിയുള്ള നാടകീയമായ അവതരണമാണ്. തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിലും മധ്യകേരളത്തിലും മുടിയേറ്റ് പ്രചാരത്തിലുണ്ട്. വാരണാട്ടു കുറുപ്പുമാരും മാരാർമാരുമാണ് മുടിയേറ്റു കലാകാരർ. ഭദ്രകാളി, ദാരികൻ, ദാനവേന്ദ്രൻ, കൂളി, നാരദൻ, ശിവൻ, കോയിമ്പടനായർ എന്നീ വേഷങ്ങൾ ഇതിൽ രംഗപ്രവേശം ചെയ്യും. മുഖത്തെഴുത്ത്, കിരീടം, ഉടുത്തുകെട്ട്, മറ്റു ചമയങ്ങൾ എന്നിവ ഉണ്ടാകും. വരിക്കപ്ലാവിൻ തടിയിൽ കാളിയുടെ ഭീകര മുഖവും ജടാഭാരവും സർപ്പഫണങ്ങളും കൊത്തിയ മുടിയാണ് ഭദ്രകാളിവേഷം തലയിൽ ധരിക്കുന്നത്. 'മുടി' യേറ്റ് എന്ന പേരുണ്ടായത്



മുടിയേറ്റ്

ഫോട്ടോ: Sivavkm

**ദാരികന്റെ പുറപ്പാട്, കാളിയുടെ പുറപ്പാട്, കോയിമ്പടനായരുടെ പ്രവേശം, കൂളിയുടെ പുറപ്പാട്, കാളീദാരികയുദ്ധവും ദാരിക വധവും എന്നിവ മുടിയേറ്റിലെ മുഖ്യരംഗങ്ങളാണ്. സംഭാഷണ രൂപമായ പാട്ടുകളാണ് ഇതിവൃത്തഗതിയെ നയിക്കുന്നത്.**

അപ്രകാരമാണ്. വന്ദനശ്ലോകം, മേളം എന്നിവയ്ക്കുശേഷം ശിവനാരദ സംവാദരംഗമാണ്. ദാരികന്റെ പുറപ്പാട്, കാളിയുടെ പുറപ്പാട്, കോയിമ്പടനായരുടെ പ്രവേശം, കൂളിയുടെ പുറപ്പാട്, കാളീദാരികയുദ്ധവും ദാരികവധവും എന്നിവ മുടിയേറ്റിലെ മുഖ്യരംഗങ്ങളാണ്. സംഭാഷണരൂപമായ പാട്ടുകളാണ് ഇതിവൃത്തഗതിയെ നയിക്കുന്നത്. കത്തുന്ന പന്തങ്ങളിൽ ഇടയ്ക്കിടെ 'തെള്ളി' എറിയും. അപ്പോൾ പന്തം ജ്വലിച്ചു കത്തും. രംഗങ്ങൾക്കു ഭീകരത വർധിപ്പിക്കുവാൻ അത് സഹായിക്കും. വീക്കുചെണ്ട, ഉരുട്ടുചെണ്ട, ചേങ്ങില, ഇലത്താളം എന്നീ വാദ്യങ്ങളാണ് മുടിയേറ്റിന് ഉപയോഗിക്കുന്നത്.

മുടിയേറ്റിന്റെ അവതരണം ആരംഭിക്കുന്നതിനുമുമ്പ് കാവിന്റെ പരിസരത്തിൽ അലങ്കരിച്ച പന്തലിൽ കാളിയുടെ രൂപക്കളം പഞ്ചവർണപ്പൊടികൊണ്ട് ചിത്രീകരിച്ച് പാട്ടുനടത്തും. കളം അഴിച്ചതിനുശേഷമേ മുടിയേറ്റ് ആരംഭിക്കുകയുള്ളൂ.

## കാളിയൂട്ട്

കാളീ-ദാരിക പുരാവൃത്തം തന്നെയാണ് കാളിയൂട്ടിലെയും ഇതിവൃത്തം. ദക്ഷിണകേരളത്തിലാണ് കാളിയൂട്ട് നടക്കാറ്. കാളിയും ദാരികനുമായുള്ള പോർവിളിയും യുദ്ധവും മുഖ്യമായ ഭാഗമാണ്. ഉയരത്തിൽ തെങ്ങുതടി നാട്ടി, പലകയാക്കി കെട്ടിയുണ്ടാക്കിയ രണ്ടു തട്ടുകളിൽ കയറിനിന്നു കൊണ്ടാണ് കാളീദാരികന്മാർ പോർവിളി (പേച്ച്) നടത്തുന്നത്. കാളിയൂട്ടിനു മുടിയേറ്റുമായി ചില കാര്യങ്ങളിൽ സാമ്യമുണ്ട്. സംഭാഷണരൂപത്തിലുള്ള പാട്ട് കാളിയൂട്ടിനും പാടും. പറയരുടെ 'കാളിയാട്ട'ത്തിനും ദാരികവധം തന്നെയാണ് പശ്ചാത്തലം.

## പടയണി

മധ്യതിരുവിതാംകൂറിലെ ഭഗവതീക്ഷേത്രങ്ങളിൽ നടത്താറുള്ളതാണ് പടയണി. ദാരികവധം കഴിഞ്ഞിട്ടും ഭദ്രകാളിയുടെ കോപം ശമിക്കാത്തതിനാൽ, ദേവിയെ മയപ്പെടുത്തുവാൻ പരമേശ്വരനും ദേവന്മാരും കോലമണിഞ്ഞു തുള്ളിയതിനെ ഓർമിപ്പിക്കുന്നതാണ് ഈ കലാരൂപമെന്നാണ് പുരാവൃത്തം. കൂടുതൽ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന പടയണിയുത്സവത്തിനു വൈവിധ്യമാർന്ന

ഫോട്ടോ: PraveenP



പടയണിയിൽ ദാരികന്റെ കോലം

**തപ്പാണ് പടയണിയുടെ മുഖ്യവാദ്യം. തപ്പു കാച്ചിക്കെട്ട് എന്നത് ആദ്യചടങ്ങുകളിലൊന്നാണ്. ദേശവാസികളെ അറിയിക്കുവാനാണത്. കാപ്പൊലി, താവടിതുള്ളൽ എന്നിവയും തുടർന്നു നടക്കും.പടയണിയിലെ മുഖ്യഭാഗമായ കോലംതുള്ളലുംആദ്യമേ തുടങ്ങും. പച്ചപ്പാളയിൽ ചില നാടൻചായക്കൂട്ടുകൾ കൊണ്ട് ചിത്രീകരിച്ച രൂപങ്ങളാണ്'കോല'ങ്ങൾ.**

ചടങ്ങുകളും അനുഷ്ഠാനങ്ങളുമുണ്ട്.

തപ്പാണ് പടയണിയുടെ മുഖ്യവാദ്യം. തപ്പു കാച്ചിക്കെട്ട് എന്നത് ആദ്യചടങ്ങുകളിലൊന്നാണ്. ദേശവാസികളെ അറിയിക്കുവാനാണത്. കാപ്പൊലി, താവടിതുള്ളൽ എന്നിവയും തുടർന്നു നടക്കും. പടയണിയിലെ മുഖ്യഭാഗമായ കോലംതുള്ളലും ആദ്യമേ തുടങ്ങും. പച്ചപ്പാളയിൽ ചില നാടൻചായക്കൂട്ടുകൾകൊണ്ട് ചിത്രീകരിച്ച രൂപങ്ങളാണ് 'കോല'ങ്ങൾ. അവ കാഴ്ചയ്ക്ക് ഭീകരമായിരിക്കും. ഈ കോലങ്ങൾ മുഖത്തും ശരീരത്തിലും ധരിച്ചുകൊണ്ടാണ് പടയണി തുള്ളുന്നത്. ഗണപതിക്കോലം, കാലൻകോലം, യക്ഷിക്കോലം, മാടൻകോലം, മറുതാക്കോലം, ഭൈരവിക്കോലം എന്നിങ്ങനെയുള്ള പേരുകളിലാണ് 'കോല'ങ്ങൾ അറിയപ്പെടുന്നത്. ഓരോ 'കോല'ത്തിന്റെ തുള്ളലിനും പ്രത്യേകം പാട്ടുകളുണ്ട്. പ്രധാന കോലങ്ങളെല്ലാം 'വലിയപടയണി'ക്കാണു പതിവ്. പടയണിയിൽ തപ്പു കൂടാതെ ചെണ്ട ഉപയോഗിക്കുന്ന സന്ദർഭങ്ങളുമുണ്ട്. വെളിച്ചപ്പാട്, പരദേശിയുടെ പുറപ്പാട്, മാംസപ്പടി, മേത്തൻ കളി തുടങ്ങിയ ചില വിനോദരംഗങ്ങളും പടയണിയിൽ കാണാം.

## കണ്യാർകളി

പാലക്കാട്ടു ജില്ലയിലെ ഭഗവതിക്കാവുകളിൽ ദേവീപ്രീണനാർഥം കുംഭം, മീനം, മേടം മാസങ്ങളിലായി നടത്തിവരാറുള്ളതാണ് കണ്യാർകളി. അലങ്കരിച്ച പന്തലിലാണ് അത് അവതരിപ്പിക്കുക. ഈ കളിക്ക് വട്ടക്കളി, പുറാട്ട് എന്നിങ്ങനെ രണ്ടു ഭാഗങ്ങളുണ്ട്. ഭദ്രകാളിയെ സ്തുതിച്ചുകൊണ്ടും മറ്റുമുള്ള പാട്ടുകൾ പാടി, താളം ചവിട്ടി വട്ടത്തിൽ കളിക്കുകയാണ് വട്ടക്കളിയുടെ പ്രത്യേകത. പുറാട്ട് വിനോദപരമാണ്. കുറവൻ, കുറത്തി, ചെറുമൻ, ചെറുമി, മണ്ണാൻ, മണ്ണാത്തി എന്നിങ്ങനെയുള്ള വേഷങ്ങളാണ് പുറാട്ടിൽ പ്രത്യക്ഷപ്പെടുന്നത്.

## പൂരക്കളി

വടക്കൻകേരളത്തിലെ ഭഗവതിക്കാവുകളിൽ മീനമാസത്തിലെ പൂരത്തിനു സമാപിക്കത്തക്കവിധം ഒൻപതു നാളുകളിലായി അവതരിപ്പിക്കുന്ന വിവിധ കളികളാണ് പൂരക്കളി എന്നപേരിൽ അറിയപ്പെടുന്നത്. തീയൻ, മണിയാണി, ചാലിയൻ, മുകയൻ, കമ്മാളർ, മൂവാരി എന്നീ കൂട്ടായ്മകളിൽപ്പെട്ടവരാണ് ഈ കലാവതരണത്തിൽ പങ്കെടുക്കാറ്. പൂരമാലയാണ്

പൂരക്കളിയുടെ അടിസ്ഥാനം. പതിനെട്ടു തരത്തിലുള്ള പാട്ടുകൾ പാടിക്കൊണ്ടാണ് ഇത് അവതരിപ്പിക്കുന്നത്.

## ഐവർ കളി

ഭദ്രകാളിയെ പ്രീതിപ്പെടുത്തുവാനുള്ള കലാവതരണമാണ് ഐവർകളി. ഐവർകളിയുടെ ഉത്പത്തിയെ സംബന്ധിച്ച് വിവിധ പുരാസങ്കല്പങ്ങളുണ്ട്. ശ്രീകൃഷ്ണന്റെ ഉപദേശമനുസരിച്ച് പാണ്ഡവർ ഭദ്രകാളിക്കു നേർച്ചയായി അവതരിപ്പിച്ചതാണ് ഇതെന്ന പുരാവൃത്തം ശ്രദ്ധേയമാണ്. ഭദ്രകാളി സ്തുതികൾ, മഹാഭാരതകഥാഭാഗങ്ങൾ എന്നിവയാണ് ഐവർകളിപ്പാട്ടുകളിൽ പ്രധാനം.

## അർജുനനൃത്തം

ഭദ്രകാളിയെ പ്രീതിപ്പെടുത്താനുള്ള മറ്റൊരു അനുഷ്ഠാന കലയാണ് അർജുനനൃത്തം. മയിൽപ്പീലികൾ കോർത്ത് നർത്തകൻ അരയിൽ ബന്ധിക്കാറുള്ളതിനാൽ 'മയിൽപ്പീലിത്തൂക്കം' എന്നും പറയും. കഷ്ടതകൾ അകന്നാൽ ഭദ്രയ്ക്കു നരബലി നൽകാമെന്ന് കുന്തിദേവി പ്രാർഥിച്ചതനുസരിച്ച് യുദ്ധാനന്തരം അർജുനൻ കാളിയുടെ മുമ്പിലെത്തിയെങ്കിലും, ഭദ്രകാളി അർജുനനെ വധിക്കാതെ പുറത്തുകോർത്ത് താഴെ ഇറക്കുക മാത്രമാണ് ചെയ്തതെന്നും ആ സന്ദർഭത്തിൽ അർജുനൻ നൃത്തം ചെയ്ത് ഭദ്രയെ പ്രീണിപ്പിച്ചുവെന്നുമാണ് പുരാവൃത്തം. മുഖത്തുതേപ്പും കിരീടവുമുള്ള വേഷമാണ് അർജുനനൃത്തത്തിന്റേത്. ചെണ്ട, ഇലത്താളം തുടങ്ങിയ വാദ്യങ്ങൾക്കും താളനിബന്ധമായ പാട്ടുകൾക്കും അനുഗുണമായാണ് നൃത്തം ചെയ്യുക. അതിനു 'പയറ്റുക' യെന്നാണ് പേര്. 'വിരുത്തം' എന്ന പേരിലുള്ളവയാണു പാട്ടുകൾ.


ഫോട്ടോ: Manojk
അർജുനനൃത്തത്തിനായി ഒരുങ്ങിയവർ

## സർപ്പംതുള്ളൽ

നാഗാരാധനാപരമായ ഒരനുഷ്ഠാനമാണ് സർപ്പംതുള്ളൽ. നാഗക്കളം കുറിച്ച് നാഗപ്പാട്ടുകൾ പാടുന്ന വിവിധ സമുദായക്കാരുണ്ടെങ്കിലും പുള്ളുവരാണ് അതിൽ പ്രശസ്തർ. നാഗാരാധനാസ്ഥാനങ്ങളിലും ഗൃഹങ്ങളിലും അവർ സർപ്പക്കളം ചിത്രീകരിച്ച് സർപ്പപ്പാട്ടുപാടും. കളം പൂജിച്ച ശേഷം നാഗദേവതകളുടെ സങ്കല്പത്തിൽ കന്യകമാർ പൂക്കുലയുമേന്തി ഇളകിയാടുകയും

കണ്യാർകളിക്കാർ

ഫോട്ടോ: Anoopan at Malayalam Wikipedia



തോൽപ്പാവക്കൂത്ത്   ഫോട്ടോ: Mullookkaaran

സർപ്പക്കളത്തിൽ വീണുരണ്ട് കളമഴിക്കുകയും ചെയ്യും. വള്ളുവനാടൻ പ്രദേശങ്ങളിൽ സർപ്പപ്പാട്ടിനു മുമ്പായി പുള്ളുവർ 'തിരിയുഴിച്ചിൽ' എന്ന നൃത്തം നടത്താറുണ്ട്.



## തോൽപ്പാവക്കൂത്ത്

കഥാപാത്രങ്ങളുടെ രൂപം തോലിൽ കൊത്തിയുണ്ടാക്കി അവയുടെ നിഴൽ വെളുത്ത ശീലയിൽ നിഴലിപ്പിക്കുന്ന നാടകീയമായ കലാവതരണമാണ് തോൽപ്പാവക്കൂത്ത്. പാലക്കാട്ടുജില്ലയിലെ ചില ഭദ്രകാളീക്ഷേത്രങ്ങളിൽ ഇത് അവതരിപ്പിക്കുക പതിവാണ്. ചെണ്ട, എഴുപറ, മദ്ദളം എന്നിവയുടെയും കമ്പരാമായണത്തിലെ ഗദ്യപദ്യങ്ങളുടെയും പശ്ചാത്തലത്തിലാണ് തോൽപ്പാവക്കൂത്ത് നടത്താറുള്ളത്.

## കുമ്മാട്ടിക്കളി

ഓണാഘോഷക്കാലത്ത് തൃശൂരിൽ അവതരിപ്പിച്ചു കാണാറുള്ള കുമ്മാട്ടിക്കളി ഒരു വിനോദകലയാണ്. ഒരു കാർഷികോത്സവമായോ കൊങ്ങൻപടയുടെ അനുസ്മരണമായോ വീക്ഷിക്കുന്നവരുണ്ട്. ശിവഭൂതങ്ങളുടെ നർത്തനമാണെന്ന സങ്കല്പവുമുണ്ട്. കുമ്മാട്ടിപ്പുല്ലെന്ന ഒരുതരം പുല്ല് ശരീരമാസകലം വെച്ചുകെട്ടാറുള്ളതിനാലാണ് 'കുമ്മാട്ടിക്കളി'യെന്നു പേർ പറയുന്നത്. വിവിധ രൂപങ്ങൾ ചിത്രീകരിച്ച മുഖാവരണങ്ങൾ ധരിച്ചാണു വേഷം കെട്ടുന്നത്. വിനോദപരമായ പാട്ടുകളുടെയും ചെണ്ട, വില്ല് തുടങ്ങിയ വാദ്യങ്ങളുടെയും താളക്കൊഴുപ്പനുസരിച്ചാണ് കുമ്മാട്ടികളുടെ നർത്തനം. തള്ളക്കുമ്മാട്ടി, കിരാതൻ, ശിവൻ, നാരദൻ, മഹാബലി, കുംഭോദരൻ, ഹനുമാൻ, ബാലി തുടങ്ങിയവരുടെ പ്രതീതിയുളവാക്കുന്ന മുഖാവരണങ്ങൾ ധരിച്ച വേഷങ്ങൾ കുമ്മാട്ടിക്കളിയിൽ കാണാം.

## വേലകളി

ആയോധനപരമായ ഒരു കലാവതരണമാണ് വേലകളി. അമ്പലപ്പുഴയാണ് ഈ കലയ്ക്കു കേളി കേട്ട സ്ഥലം. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലും പതിവുണ്ട്. കളിക്കാർ യോദ്ധാക്കളുടെ വേഷത്തിലാണ് പുറപ്പെടുക. അരയിൽ കച്ച, തലപ്പാവ്, തോൾവള, മാലകൾ എന്നിവ ധരിച്ചിരിക്കും. കണ്ണെഴുതി ചന്ദനക്കുറിയിടും. മദ്ദളം, തകിൽ, ഇലത്താളം, കുഴൽ തുടങ്ങിയ വാദ്യോപകരണങ്ങളുടെ താളമനുസരിച്ചാണ് കൈയിലുള്ള പരിചയും ചുരികയും ഇളക്കിക്കൊണ്ട് നർത്തനമാടുന്നത്.



കുമ്മാട്ടിക്കളി   ഫോട്ടോ: Sooraj Kenoth

## കോൽക്കളി

കേരളത്തിന്റെ നാനാഭാഗത്തും വിവിധ കൂട്ടായ്മകൾക്കിട യിൽ നിലവിലുള്ള വിനോദ കലയാണ് കോൽക്കളി. ചിലേ ടങ്ങളിൽ കമ്പടികളി എന്നും പറയും. എട്ടോ പത്തോ ജോഡി കളിക്കാർക്ക് ഇതിൽ പങ്കെടുക്കാം. ചിലങ്കയിട്ടതോ, ഇടാത്തതോ ആയ കമ്പുകൾ പരസ്പരംമുട്ടി പാട്ടുപാടി കളിക്കും. കോൽക്കളിയിൽ വിവിധ ഇനം കളികളുണ്ട്. കേരളത്തിലെ ക്രൈസ്തവരു ടെയും മാപ്പിളമാരുടെയും ഇടയിൽ കോൽക്കളി നിലവി ലിരിക്കുന്നു.

കോൽക്കളിയുടെ മറ്റൊരു രൂപമാണ് വനിതകളുടെ കോലാട്ടം. ചെറുമണികൾ ഘടിപ്പിച്ചതും ചായംതേച്ചതു മായ ചെറുകോലുകളാണ് അതിനുപയോഗിക്കുക. കോൽക്കളിപോലെ ചടുല മല്ല കോലാട്ടം. കോലാട്ടമോ കോലടിയോ ആയി ബന്ധ പ്പെട്ട് ചരടു കുത്തിക്കളി (ചരടുപിന്നിക്കളി)യും ചിലേടങ്ങളിൽ കാണാം.



കോൽക്കളി ഫോട്ടോ: Challiyan at Malayalam Wikipedia

**കല്യാണം, കാത്കുത്ത് കല്യാണം, വയസ്സറിയിക്കൽ, സുന്നത്ത് തുടങ്ങിയ മംഗളാവസരങ്ങളിലാണ് ഒപ്പനക്കളിയുടെ അവതരണം. മാപ്പിളമാർക്കിടയിലാണ് ഒപ്പന പ്രചാരത്തിലിരി ക്കുന്നത്. സ്ത്രീകളെപ്പോലെ പുരുഷന്മാരും അതിൽ ഏർപ്പെടാ റുണ്ട്.**

## ഒപ്പനക്കളി, ദഫ്കളി

കല്യാണം, കാത്കുത്ത് കല്യാണം, വയസ്സറിയിക്കൽ, സുന്നത്ത് തുടങ്ങിയ മംഗളാ വസരങ്ങളിലാണ് ഒപ്പനക്കളി യുടെ അവതരണം. മാപ്പിള മാർക്കിടയിലാണ് ഒപ്പന പ്രചാരത്തിലിരിക്കുന്നത്. സ്ത്രീകളെപ്പോലെ പുരുഷ ന്മാരും അതിൽ ഏർപ്പെടാ റുണ്ട്. പെൺകുട്ടിയെ അല ങ്കരിച്ചാനയിച്ച് പീഠത്തിലി രുത്തി, ഒരു സംഘം സ്ത്രീ കൾ ചുറ്റിലുമായി പാട്ടു പാടിയും കൈകൊട്ടിയും കളിക്കുന്നതാണ് സ്ത്രീകൾ കല്യാണത്തിന് അവതരിപ്പി ക്കുന്ന ഒപ്പനയുടെ സ്വഭാവം. പുരുഷന്മാർക്കും ഒപ്പനക്കളി യുണ്ട്.

ദഫ്കളി, അറബനമുട്ടു കളി എന്നിവയിൽ പുരുഷ ന്മാരാണ് ഏർപ്പെടുന്നത്. 'ദഫ്' എന്ന ചർമവാദ്യം മുട്ടി പാട്ടുപാടിക്കളിക്കുന്നതാണ് ദഫ്കളി. അറബനമുട്ടുകളിക്ക് 'അറബന' എന്ന വാദ്യോപക രണമാണ് വേണ്ടത്.



വേലകളി ഫോട്ടോ: Praveenp at ml.wikipedia


ഒപ്പന

ഫോട്ടോ: Kerala Tourism

**പലകനിരത്തിയ തട്ടിന്മേൽ കയറി താളം ചവിട്ടി പലകയുടെ ശബ്ദം കേൾപ്പിച്ചും പാട്ടുപാടിയും അവതരിപ്പിക്കുന്നതാണ് ചവിട്ടുനാടകം. സംഗീതം, നൃത്തം, സംഭാഷണം, താളമേളാദികൾ എന്നിവയൊക്കെ ഈ അഭിനയകലയിൽ സമ്മേളിക്കുന്നു. വേഷങ്ങൾക്ക് കിരീടം, തൊപ്പി, പ്രത്യേക ഉടുപ്പുകൾ തുടങ്ങിയവ ഉണ്ടാകും.**

ആയോധനകലയായ പരിചമുട്ടുകളിയിൽ മാപ്പിള മാരും പങ്കെടുക്കാറുണ്ട്. പടപ്പാട്ടുകളാണ് അതിന് കൂടുതൽ പാടുക.

## 28 മാർഗംകളി


കേരളത്തിലെ ക്രൈസ്തവർക്കിടയിലാണ് മാർഗംകളി, ചവിട്ടുനാടകം, വട്ടക്കളി, പരിചമുട്ടിക്കളി, കമ്പടിക്കളി എന്നിവയ്ക്കു പ്രചാരം. ക്രിസ്തുമാർഗ (മത) സംബന്ധിയായ പാട്ടുകൾ പാടിക്കൊണ്ടുള്ളതാണ് മാർഗംകളി. പന്ത്രണ്ടുപേർക്ക് കളിയിൽ പങ്കെടുക്കാം. പുരുഷന്മാരെന്നപോലെ സ്ത്രീകളും മാർഗംകളി കളിക്കാറുണ്ട്. ഒരു വിളക്കിനു ചുറ്റുമായാണ് കളിക്കുക.

പലകനിരത്തിയ തട്ടിന്മേൽ കയറി താളം ചവിട്ടി പലകയുടെ ശബ്ദം കേൾപ്പിച്ചും പാട്ടുപാടിയും അവതരിപ്പിക്കുന്നതാണ് ചവിട്ടുനാടകം. സംഗീതം, നൃത്തം, സംഭാഷണം, താളമേളാദികൾ എന്നിവയൊക്കെ ഈ അഭിനയകലയിൽ സമ്മേളിക്കുന്നു. ചില വായ്ത്താരികളും കേൾക്കാം. വേഷങ്ങൾക്ക് കിരീടം, തൊപ്പി, പ്രത്യേക ഉടുപ്പുകൾ തുടങ്ങിയവ ഉണ്ടാകും.


മാർഗംകളി

ഫോട്ടോ: Fotokannan at Malayalam Wikipedia

*ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന **'കലയും സംസ്കാരവും'** എന്ന ബാലവിജ്ഞാനകോശത്തിൽ ഈ ലേഖനം വിപുലമായ രീതിയിൽ പ്രസിദ്ധീകരിക്കുന്നതാണ്.*



# വാൾ ക്ലോക്കിലെ കൗതുകങ്ങൾ

**മണ്ണടി ഹരി**

ക്ലോക്കിലെ ഏറ്റവും മുകളിൽ നിൽക്കുന്ന അക്കം 12 ന് ഒരു വലിയ അഹന്ത തോന്നി; എനിക്കൊപ്പം ആരുമില്ല. പക്ഷേ മറ്റുള്ളവരുണ്ടോ അത് അംഗീകരിക്കുന്നു! പന്ത്രണ്ടിന്റെ അഹന്ത തീർക്കാൻ തൊട്ടു താഴെ ഇടതു വശത്തെ 11 ഉം വലതു വശത്തെ 1 ഉം കൂടി കൈകോർത്തു. അവരുടെ ഐക്യം കൊണ്ട് (11+1) അവരും പന്ത്രണ്ടായി. 12 ചെറുതായി ഒന്നു ഭയന്നു! തീർന്നില്ലേ പണി! പക്ഷേ അവിടംകൊണ്ട് കാര്യങ്ങൾ അവസാനിച്ചില്ല. ഒരേ നിരക്കാരായ 10 ഉം രണ്ടും ഒരുമിച്ചു 12 ആയി. ഒറിജിനൽ 12 വിയർത്തു. അപ്പോഴതാ 9 ഉം 3 ഉം കൂടിച്ചേർന്ന് അടുത്ത 12. തീർന്നില്ല നമുക്കും ഒരുമിക്കാം എന്നുപറഞ്ഞ് 8 ഉം 4 ഉം ഒരുമിച്ചു-12 ആയി . 7 ഉം 5 ഉം ചങ്ങാത്തം കൂടി പന്ത്രണ്ടായി. ഒറിജിനൽ 12 ഗതികേടിലായി. പിന്നെയൊരു സൂത്രംതോന്നി. താഴെയുള്ള 6 നെ നോക്കിപ്പറഞ്ഞു. ''നിനക്കു ചങ്ങാതിയില്ല. നീ ഏറ്റവും താഴെയുള്ള ആളായിപ്പോയി അല്ലേ? ദുഃഖിക്കേണ്ട വരൂ! നമുക്കു ചങ്ങാതിമാരാകാം.'' 12 ഉം 6 ഉം അങ്ങനെ ചങ്ങാത്തത്തിലായി. ഫലമോ 12 +6=18 അതോടെ കഥ ഠിം!

നമ്മുടെ വാൾക്ലോക്കിലെ അക്കങ്ങൾക്ക് ഇങ്ങനെ പല കൗതുകങ്ങളുമുണ്ട്. കൂട്ടുകാരിൽ ചിലരെങ്കിലും ഇങ്ങനെ ചിന്തിച്ചുവോ? നമ്മളിൽ പലരും ചിലപ്പോൾ ഇതു ശ്രദ്ധിച്ചിട്ടുണ്ടാകാം. എന്തായാലും ഇനി ചില ചോദ്യങ്ങൾ. ഉത്തരം കണ്ടെത്തി എഴുതി അയയ്ക്കണേ..

1. ഒരു സാധാരണ വാൾ ക്ലോക്ക് ഡയലിൽ ഏറ്റവും കൂടുതൽ തവണ കാണപ്പെടുന്ന അക്കം ഏത്?
2. അത് എത്ര തവണ കാണപ്പെടുന്നു?
3. ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള സമയം സൂചിപ്പിക്കുന്ന അക്കങ്ങൾ കൂട്ടിയാൽ സംഖ്യയെത്ര?
4 ക്ലോക്കിൽ പരസ്പരം അഭിമുഖമായി വരുന്ന എല്ലാ അക്കങ്ങളുടെയും വ്യത്യാസം ഒരേ സംഖ്യ തന്നെ അതെത്ര?
5 ക്ലോക്കിലെ സംഖ്യകളുടെ തുക തുല്യമാകത്തക്കവിധം മൂന്നുഭാഗങ്ങളായി വിഭജിക്കാമോ?



## അറിയിപ്പ്

തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**അയയ്ക്കേണ്ട വിലാസം**
**തളിര് മാസിക, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം-34**

# വട്ടമിട്ടിരിക്കാൻ പറഞ്ഞാൽ പാത്രങ്ങളുമായി ഓടിവരുന്ന കുട്ടികൾ

സിന്ധു സാജൻ

രേവതിയും അച്ഛൻ മരുതനും പഠനയാത്രയ്ക്കുള്ള തയ്യാറെടുപ്പോടെ വൈകുന്നേരം ഏഴു മണിക്കു സ്കൂളിലെത്തി. കൂട്ടുകാരെയും അധ്യാപകരെയും കാണുന്നില്ല. പരിഭ്രമമായി. ഇനി അവർ പൊയ്ക്കാണുമോ? രേവതി സങ്കടം കൊണ്ട് പൊട്ടിക്കരഞ്ഞു. കാര്യമറിയാതെ അച്ഛനും വിഷമമായി. മകളുടെയും അച്ഛന്റെയും സ്ഥിതികണ്ട് സ്കൂളിനു സമീപത്തെ ചായക്കടക്കാരൻ വേണു വിവരങ്ങൾ ആരാഞ്ഞു. എന്നിട്ട് ടീച്ചറുടെ ഫോൺനമ്പർ തേടിപ്പിടിച്ച് വിവരമന്വേഷിച്ചു.

‘‘രാവിലെ ഏഴിനു പോകാമെന്നാണല്ലോ പറഞ്ഞത്? നാളെയല്ലേ? എന്തിനാ അവർ ഈ രാത്രി പുറപ്പെട്ടത്?’’

ടീച്ചർ അസ്വസ്ഥതയോടെ പ്രതികരിച്ചു.

‘‘പറയുന്നതൊന്നും ഈ കുട്ടികൾ വേണ്ടപോലെ കേൾക്കില്ല. മനസ്സിലാക്കില്ല. ഞാനെന്തുചെയ്യാനാ?’’

‘‘രാവ് എനാങ്കാത് റിട്ട് എന്ന് സൊന്നാത് മലയാള ടീസാറ്.’’

കുട്ടി കടക്കാരനോടു തന്റെ നിസ്സാഹയത വ്യക്തമാക്കി. രേവതിയെ രാവ് എന്നാൽ ഇരുട്ട് (രാത്രി)



വര: ടി ആർ രാജേഷ്

എന്നാണ് മലയാളം ടീച്ചർ പഠിപ്പിച്ചത്. അതനുസരിച്ച് അവൾ ടൂറുപോകാനായി അച്ഛനുമൊത്ത് 'രാവിൽ' ഏഴുമണിക്ക് സ്കൂളിലെത്തിയതാണ്!!

അട്ടപ്പാടിയിലെ ആദിവാസിവിദ്യാർഥികൾ നേരിടുന്ന ഭാഷാപ്രശ്നത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു സന്ദർഭമാണിത്. കുളം-കര കളിക്കുമ്പോൾ കര എന്നു പറഞ്ഞാൽ വെള്ളത്തിലേക്കുതന്നെ ഈ കുട്ടികൾ ചാടും. 'കെരെ' എന്നാൽ അവരുടെ ഭാഷയിൽ വെള്ളമാണ്. ടീച്ചർ തത്തയുടെ ചിത്രംകാണിച്ച് പേര് പറയാനാവശ്യപ്പെട്ടാൽ കുട്ടികൾക്ക് അത് വെറും 'കിളി' മാത്രമാണ്. മലയാളപാഠപുസ്തകത്തിലെ ആദ്യാക്ഷരം പഠിപ്പിക്കുന്നതിനായുള്ള 'തറ'



**കുളം-കര കളിക്കുമ്പോൾ കര എന്നു പറഞ്ഞാൽ വെള്ളത്തിലേക്കുതന്നെ ഈ കുട്ടികൾ ചാടും. 'കെരെ' എന്നാൽ അവരുടെ ഭാഷയിൽ വെള്ളമാണ്. ആദ്യാക്ഷരം പഠിപ്പിക്കുന്നതിനായുള്ള 'തറ' എന്താണെന്ന് അവർക്കറിയില്ല. അത്തരത്തിലൊരു തറ അവർ കണ്ടിട്ടേയില്ല. 'തറ' അവർക്ക് 'പള്ളി'യാണ്. 'കാട്' എന്നാൽ കൃഷിസ്ഥലവും 'കപ്പെ' എന്നാൽ തവളയുമാണ്. കളിക്കാനായി വട്ടമിട്ടിരിക്കാൻ പറഞ്ഞാൽ ചിലപ്പോൾ അവർ പാത്രങ്ങളുമായി ഓടി വന്നേക്കും! കാരണം 'വട്ടം' അവർക്കു പാത്രമാണ്.**

എന്താണെന്ന് അവർക്കറിയില്ല. അത്തരത്തിലൊരു തറ അവർ കണ്ടിട്ടേയില്ല. 'തറ' അവർക്ക് 'പള്ളി'യാണ്. 'കാട്' എന്നാൽ കൃഷിസ്ഥലവും 'കപ്പെ' എന്നാൽ തവളയുമാണ്. കളിക്കാനായി വട്ടമിട്ടിരിക്കാൻ പറഞ്ഞാൽ ചിലപ്പോൾ അവർ പാത്രങ്ങളുമായി ഓടി വന്നേക്കും! കാരണം 'വട്ടം' അവർക്കു പാത്രമാണ്. 'പോകില' എന്നു പറഞ്ഞാൽ ഞാൻ പോകുമെന്നു തന്നെയാണ് അവരുദ്ദേശിക്കുന്നത്. അരണയും മൈനയും അവർക്കു റണ്ണെയും കാകുളുവുമാണ്.

അട്ടപ്പാടിയിലെ ആദിവാസിവിഭാഗങ്ങളായ (ഇരുള, മുഡുഗ, കുറുമ്പ) ഗോത്രവർഗക്കാരരുടെ വിനിമയഭാഷയെക്കുറിച്ചാണ് പറഞ്ഞുവന്നത്. ഇവരുടെ ഭാഷയ്ക്ക് ലിപി ഇല്ല. കുറുമ്പ വിഭാഗക്കാർ കുറുമ്പഭാഷയും മുഡുഗവിഭാഗക്കാർ മുഡുഗ ഭാഷയും ഇരുളവിഭാഗക്കാർ ഇരുളഭാഷയുമാണ് സംസാരിക്കുന്നത്.

സമീപപ്രദേശങ്ങളിൽ താമസിക്കുന്നതിനാലാകാം ഈ മൂന്നുഭാഷകളും തമ്മിൽ കുറെയേറെ സാമ്യങ്ങളുണ്ട്. ഇരുളഭാഷയ്ക്ക് തമിഴിനോടും മുഡുഗഭാഷയ്ക്ക് കന്നഡയോടുമാണ് കൂടുതൽ സാമ്യം. എന്നാൽ ഈ മൂന്നുഭാഷകൾക്കും കേരളത്തിന്റെ മാതൃഭാഷയായ മലയാളവുമായി വലിയ വ്യത്യാസങ്ങൾ കാണാം. മുഡുഗ വിഭാഗക്കാർ 'അമ്മെ' എന്നു വിളിക്കുന്നത് അച്ഛനെയാണ്. അമ്മയെ 'അഗ്ഗെ' എന്നാണ് വിളിക്കാറ്. 'നായ' എന്നാൽ ഗോത്രഭാഷയിൽ ചൊല്ല്, മൊഴി എന്നാണർഥം. ഇത്തരത്തിൽ ഗോത്രഭാഷകളിലെ പല പദങ്ങൾക്കും മലയാളത്തിന് നേർ വിപരീതഅർഥങ്ങളാണുള്ളത്.

ലോകത്താകമാനം 6000ത്തിലധികം ഭാഷകൾ ഉണ്ടത്രെ. ഇവയിൽ വെറും 10% ത്തിനു മാത്രമേ ലിപി രേഖപ്പെടുത്തിയിട്ടുള്ളൂ.

കേരളത്തിൽ മുപ്പത്തിരണ്ടോളം ആദിവാസി ഗോത്രവിഭാഗങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവർക്കെല്ലാംതന്നെ സ്വന്തമായ വിനിമയഭാഷകളുണ്ട്. ലിപി ഇല്ലാത്തതുമൂലം ഇവ ഭാഷാശാസ്ത്രത്തിന്റെ പരിധിയിൽ പെടുന്നില്ല. എന്നാൽ ഈ ഭാഷകൾക്കെല്ലാം സ്വതന്ത്രമായ അസ്തിത്വമുണ്ട്. സ്വന്തം കഥകളും പാട്ടുകളും പഴഞ്ചൊല്ലുകളും നാടകങ്ങളുമൊക്കെയുണ്ട്. കൃത്യമായ വ്യാകരണനിയമങ്ങളുമുണ്ട്. ഇത്തരത്തിൽ ഭാഷാവൈവിധ്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന സംസ്ഥാനം കൂടിയാണ് കേരളം. എന്നിട്ടും മാതൃഭാഷയുടെ സ്ഥാനത്ത് സ്വന്തം ഭാഷയുടെ പേര് പറയാൻ ഇവർക്കവകാശമില്ല. കേരളത്തിൽ ജീവിക്കുന്നുവെന്നതുകൊണ്ട് മാതൃഭാഷ

-മലയാളം എന്നുപറയാൻ നിർബന്ധിതരാകേണ്ടി വരുന്നുവെന്നതാണ് വാസ്തവം.

ഭാഷാടിസ്ഥാനത്തിലാണ് ഇന്ത്യയിലെ സംസ്ഥാനങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഓരോ സംസ്ഥാനത്തും കൂടുതലാളുകൾ കൈകാര്യം ചെയ്യുന്ന ഭാഷയാണ് മുഖ്യഭാഷ. ലിപിയില്ല, നിശ്ചിത എണ്ണം ആളുകൾ സംസാരിക്കുന്നില്ല, ഭാഷാശാസ്ത്രത്തിന്റെ ചില നിയമപരിധികളിൽ വരുന്നില്ല തുടങ്ങിയ കാരണങ്ങളാൽ ആദിവാസിഭാഷകൾ മുഖ്യഭാഷകളിൽനിന്നും തള്ളപ്പെടുന്നു. ആദിവാസിഭാഷകളുടെ അസ്തിത്വം വലിയൊരു പ്രഹേളികയാകുന്നത് അങ്ങനെയാണ്.

മാതൃഭാഷയുടെ മഹത്വത്തെക്കുറിച്ച് നിരവധി പഠനങ്ങൾ കാണാം. എന്നാൽ കേരളത്തിലെ ആദിവാസി ഭാഷകളെക്കുറിച്ചുള്ള ദീർഘമായ പഠനങ്ങളോ അവയെ നിലനിർത്തുന്നതിനാവശ്യമായ ശ്രമങ്ങളോ കാര്യമായി നടക്കുന്നതേയില്ല.

നഴ്സറിക്ലാസുമുതൽതന്നെ സ്വന്തം ഭാഷയിൽ ആശയവിനിമയം നടത്താനാകാതെ ഈ കുട്ടികൾ മൗനത്തിലേക്ക് പിൻവലിയുന്നു. പതിയെ അപകർഷതാബോധത്തിനടിമപ്പെടുന്നു. മാതൃഭാഷ നഷ്ടമാകുന്ന ഈ കുട്ടികളുടെ നിസ്സഹായമായ വേദന വേണ്ടത്ര ഗൗരവത്തോടെ പരിഗണിക്കപ്പെടുന്നില്ല എന്നതാണു പ്രശ്നം. തന്റേതല്ലാത്ത ഭാഷയിൽ അച്ചടിച്ച പാഠപുസ്തകത്തിലേക്കും തന്റേതല്ലാത്തഭാഷ സംസാരിക്കുന്ന അധ്യാപകരുടെ നേർക്കും നോക്കാനാകാതെ താമസിയാതെ വിദ്യാലയത്തിൽനിന്നും ഇവർ ഓടിയകലുന്നു. വിശാലമായ പ്രകൃതിയും കാടും പുഴയും

**ലിപിയില്ല, നിശ്ചിത എണ്ണം ആളുകൾ സംസാരിക്കുന്നില്ല, ഭാഷാശാസ്ത്രത്തിന്റെ ചില നിയമപരിധികളിൽ വരുന്നില്ല തുടങ്ങിയ കാരണങ്ങളാൽ ആദിവാസിഭാഷകൾ മുഖ്യഭാഷകളിൽ നിന്നും തള്ളപ്പെടുന്നു. ആദിവാസിഭാഷകളുടെ അസ്തിത്വം വലിയൊരു പ്രഹേളികയാകുന്നത് അങ്ങനെയാണ്.**

കിളികളും സ്വന്തമായുണ്ടായിട്ടും ആത്മവിശ്വാസംനഷ്ടപ്പെട്ടവരായി മാറുന്നു. പ്രകൃതിയുടെ താളങ്ങൾ നന്നായി അറിയാമെന്നതിനാൽ അതിജീവനത്തിന്റെ പാഠങ്ങൾ കൃത്യമായി ഉൾക്കൊള്ളാനും ഈ കുട്ടികൾക്കാകേണ്ടതാണ്. എന്നിട്ടും ജീവിതത്തിൽ ഇവർ പരാജയപ്പെടുന്നു.

ഒരു സമൂഹത്തെ നിശ്ശബ്ദരാക്കുന്നതിൽ അഥവാ പ്രതികരണശേഷി ഇല്ലാത്തവരാക്കുന്നതിന് മാതൃഭാഷാനിഷേധം കാരണമാകുന്നുണ്ട്. ഭാഷ ഇല്ലാതാകുന്നതിലൂടെ ഒരു സംസ്കാരം തന്നെയാണ് ഇല്ലാതാകുന്നതെന്ന് ഓർക്കുക.

ഗോത്രവർഗക്കാരായ കുട്ടികൾക്ക് അവരുടെ മാതൃഭാഷയിലുള്ള അധ്യയനത്തിന് ഇന്നത്തെ സാഹചര്യത്തിൽ സാധ്യതകൾ കുറവാണ്. ഇന്ന് ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ഭാഷകളുടെ മരണം (Linguicide) എന്നയവസ്ഥ. ഗോത്രവർഗഭാഷകളെ സംബന്ധിച്ചിടത്തോളം മറ്റ് പ്രബലഭാഷകളുടെ ദയാരഹിതമായ അധിനിവേശം തന്നെയാണ് അവയുടെ ഉൻമൂലനത്തിന് കാരണമാകുന്നത്.

ആദിവാസിക്കുട്ടികളെ പ്രത്യേക വിഭാഗമായി നിർത്തണമെന്നോ അവരുടെ പഠനമാധ്യമം ആദിവാസി ഭാഷയിലാക്കണമെന്നോ അല്ല ഇവിടെ വാദിക്കുന്നത്. ലോകത്തെ ഏതു ഭാഷ പഠിക്കുന്നതിനുമുള്ള അവകാശവും സ്വാതന്ത്ര്യവും തീർച്ചയായും ഒരു ആദിവാസിക്കുട്ടിക്കുമുണ്ട്. ഉണ്ടാകുകയും വേണം. പക്ഷേ സ്വന്തം ഭാഷയെയും സംസ്കൃതിയെയും ബഹുമാനിക്കുന്നതിലൂടെയും സ്നേഹിക്കുന്നതിലൂടെയും മാത്രമേ ഇത് സാധ്യമാകൂ. തന്റെ മുൻപിലിരിക്കുന്ന കുട്ടിക്ക് തനിക്കന്യമായ മറ്റൊരു വിനിമയഭാഷയുണ്ടെന്ന് അധ്യാപകർക്കും അറിയാൻ സാധിക്കണം. അപ്പോൾ മാത്രമേ അധ്യാപകരും കുട്ടികളും തമ്മിലുള്ള വിനിമയം സുസാധ്യമാകൂ. പഠനം ഫലപ്രദമാകൂ. അതിനായി ആദ്യഘട്ടത്തിലെ അധ്യയനഭാഷയായി ഈ ഗോത്രവർഗഭാഷകളെ നിലനിർത്താൻ കഴിയണം. എന്നാൽ മാത്രമേ കേരളത്തിലെ ആദിവാസിമേഖലകളിലെ വിദ്യാലയങ്ങളിൽനിന്നുള്ള കൊഴിഞ്ഞുപോക്കിന് പരിഹാരം കാണാൻ സാധിക്കൂ. മാത്രമല്ല ഈ മേഖലയിലെ അധ്യാപകർക്ക് പ്രാദേശികഭാഷയിൽ പരിശീലനവും ലഭ്യമാക്കണം.

സ്വന്തം ഭാഷയും സംസ്കൃതിയും മികച്ചതാണെന്നുള്ള ബോധ്യം കുഞ്ഞുനാളിലേ നൽകാനായാൽ മാത്രമേ ആത്മാഭിമാനമുള്ള ഒരു ജനതയായി ആദിവാസി വിഭാഗങ്ങളെ ഉയർത്താൻ സാധിക്കൂ. ഇത്തരത്തിൽ ആത്മവിശ്വാസമുള്ള ഒരു ജനതയ്ക്കുമാത്രമേ സ്വയം പ്രതിരോധിക്കാനും തങ്ങളുടെ ആവശ്യങ്ങൾ തുറന്നുപറയാനും അവകാശത്തിനായി സർഗാത്മകമായി പ്രവർത്തിക്കാനും സാധ്യമാകൂ.

mithrasplayhouse@gmail.com

# ആരുണ്ടിവിടെ?

ജയ എസ്

പറയാനെനിക്കൊരു കഥയുണ്ട്
കഥ കേട്ടു മൂളുവാൻ ഇമ്പമാർന്നീടുവാൻ
വിസ്മയം പൂണ്ടു മുഖം വിടരാൻ
'എന്നിട്ട്' എന്നുള്ളൊരാകാംക്ഷ മുറ്റുവാൻ
ആരുണ്ടിവിടെ ചുറ്റും ആരുണ്ടിവിടെ?
പാടാനെനിക്കൊരു പാട്ടുണ്ട്
ഈണത്തിൽ താളത്തിൽ
മുറുകിയ കാലത്തിൽ ശ്രുതിചേർത്തു
പാടുവാൻ ഞാൻ കൊതിക്കെ
എന്റെയാലാപനം കേട്ടാസ്വദിക്കുവാൻ
ആരുണ്ടിവിടെ ചുറ്റും ആരുണ്ടിവിടെ?
വരയ്ക്കാനെനിക്കൊരു ചിത്രമുണ്ട്
പുഴയുടെ മലയുടെ പൂമരത്തിന്റെ
കിളിയുടെ മാനിന്റെ പുലിയുടെയും
ജീവൻ തുടിക്കുന്ന ചിത്രത്തെക്കാണുവാൻ
ആരുണ്ടിവിടെ ചുറ്റും ആരുണ്ടിവിടെ?
എഴുതാനെനിക്കൊരു ഗ്രന്ഥമുണ്ട്
നർമം വിതറുന്ന കണ്ണീർ പൊഴിയുന്ന
നറുമുല്ലപ്പൂവിൻ സുഗന്ധം വമിക്കുന്ന
കൊച്ചുകാര്യങ്ങളൊട്ടേറെയുണ്ട്
ശ്രദ്ധയോടിത്തിരി നേരമിരുന്നിതു
വായിക്കുവാൻ ഒട്ടു ചിന്തിക്കുവാൻ
ആരുണ്ടിവിടെ ചുറ്റും ആരുണ്ടിവിടെ?
ആരുമില്ലെങ്കിലും ആർക്കൊക്കെയോ വേണ്ടി
ഞാനെന്റെ കർമം ചെയ്യുന്നു
മാനത്തെ താരവും സൂര്യനും ചന്ദ്രനും
അതുകണ്ടു പുഞ്ചിരി തൂകുന്നു.





വര: സചീന്ദ്രൻ കാറഡ്ക്ക

# അടക്കല്ല്യാപ്പക്ഷി അടുപ്പിൽത്തീരും

സ്വതന്ത്രപുനരാഖ്യാനം: ഡോ. കെ ശ്രീകുമാർ

ഒരിടത്ത് മരത്തിലൊരു കൂടുകെട്ടി ഒരു വായാടിപ്പക്ഷി താമസിച്ചിരുന്നു. ഏതുനേരോം കൂട്ടിലങ്ങനെ ചടഞ്ഞിരിക്കും. ഒരു പണീം ചെയ്യില്ല. ആരേം കാൽക്കാശിനു സഹായിക്കില്ല. എന്നാലോ ആ കുഴിമടിച്ചീടെ നാവിന് നൂറുമുഴം നീളോണ്ട്. ആ വഴിക്കെങ്ങാൻ പോയാൽ അവളപ്പോ തുടങ്ങും.

''മാളോരേ, എന്റെ വാലാടീല്ലെങ്കിൽ നേരം വെളുക്കൂല്ല്യ.

നാട്ടാരേ, എന്റെ വാലാടീല്ലെങ്കിൽ സൂര്യനുദിക്കില്ല്യ.


ഉറ്റോരേ, എന്റെ വാലാടീല്ലെങ്കിൽ കാറ്റടിക്കൂല്ല്യ.

ചങ്ങായ്യോരേ, എന്റെ വാലാടീല്ലെങ്കിൽ രാവുണ്ടാവില്ല്യ, പകലുണ്ടാവില്ല്യ.''

വഴിപോക്കർ 'ഈ വായാടിപ്പക്ഷീടെ അഹങ്കാരം നോക്കണേ'ന്ന് മൂക്കത്തു വിരൽവച്ച്, അവരുടെ പാടു നോക്കിപ്പോകും.

അങ്ങനേരിക്യേ ഒരുനാൾ വായാടിപ്പക്ഷീടെ വയറു വിശന്നു. വിശന്നുപൊരിയോളവും അവൾ കൂട്ടിൽ ചടഞ്ഞിരുന്നു. ഇനീം വൈകിയാൽ ചത്തുപോകുംന്നാ





വര: അരുണ ആലഞ്ചേരി

യപ്പോ പതുക്കെ പൊങ്ങി എന്തെങ്കിലും തിന്നാൻ കിട്ട്വോന്നു നോക്കി പറന്നു നടന്നു അവൾ.

പെട്ടെന്നതാ താഴെ കുപ്പേലൊരു മിന്നൽ!

തിളക്കംകൊണ്ട് കണ്ണു മഞ്ഞളിച്ചിട്ടുവയ്യാ. അതെന്താന്ന് അറിഞ്ഞേപറ്റൂ.

അവൾ താണുപറന്ന് തെളിച്ചം കണ്ട സ്ഥലം കൊത്തിമറിച്ചിട്ടു.

അതൊരു പൊന്നും തര്യാണ്!

കോലോത്തെ തമ്പ്രാട്ടി തടിച്ച സ്വർണമാലയിട്ട് വില സണത് അവൾക്ക് ഓർമ്മേണ്ടായി. എന്തൊരു ഗമ്യായിരുന്നു ആ തമ്പ്രാട്ടിക്ക്!

നേരെനേരെ വന്നിട്ടും കണ്ടഭാവം വെച്ചില്ല തന്നോട്.

അങ്ങന്യങ്ങ് വിട്ടാൽ പറ്റ്വോ?

വായാടിപ്പക്ഷി വെട്ടിത്തിളങ്ങുന്ന പൊന്നുംതരി കൊത്തീടുത്ത് നേരെ കോലോത്തേക്ക് പറന്നു. പൊന്നുംതരി കൊക്കിലൊട്ടിച്ച് അവൾ, മുറ്റത്തെ കസേരയിൽ ചാരിക്കിടക്കണ തമ്പ്രാനെ നോക്കി അഹങ്കാരത്തോടെ ചോദിച്ചു.

''എന്റത്രേം പൊന്നുണ്ടോ
കോലോത്തെ തമ്പ്രാന്?
എന്റത്രേം പൊന്നുണ്ടോ?
കോലോത്തെ തമ്പ്രാട്ടിക്ക്?''

തമ്പ്രാൻ ആദ്യം അതത്ര കാര്യാക്കീല്ല. ഏതോ തോന്ന്യാസക്കിളി എന്തോ പറയണന്നേ നിരീച്ചുള്ളൂ. അവളെ കണ്ടമാറാക്കാതെ തമ്പ്രാൻ പിന്നേം കസേരയിൽ ചാരിക്കിടന്നപ്പോൾ അവൾ വീണ്ടും ചോദിച്ചു.

''എന്റത്രേം പൊന്നുണ്ടോ
കോലോത്തെ തമ്പ്രാന്?
എന്റത്രേം പൊന്നുണ്ടോ?
കോലോത്തെ തമ്പ്രാട്ടിക്ക്?''

അവിടേം നിർത്തില്ല്യ ആ താന്തോന്നിപ്പക്ഷി.

''എന്റത്രേം പൊന്നുണ്ടോ
തമ്പ്രാന്റെ കോലോത്ത്?
എന്റത്രേം പൊന്നുണ്ടോ?
തമ്പ്രാട്ടിക്കുട്ട്യോൾക്ക്?''

ഇക്കുറി ദേഷ്യംകൊണ്ട് തമ്പ്രാന്റെ മൂക്കിത്തിരി ചുവന്നു. ഇത്തിരിപ്പോന്ന ഒരഹങ്കാരിക്കിളി കോലോത്തു വന്ന് തന്നെ കളിയാക്കാനോ? കൊക്കിലിത്തിരി പൊന്നുംതരിണ്ടെന്നുവച്ച് ഇത്രയ്ക്കഹങ്കാരം പാടുണ്ടോ? തമ്പ്രാൻ പണിക്കാരെ വരുത്തി തോന്ന്യാസീടെ കൊക്കീന്ന് പൊന്നും തരി പിടിച്ചുവാങ്ങിച്ചു. ആ അഹങ്കാര്യെ അപ്പോത്തന്നെ ആട്ടിപ്പായിച്ചു.

ശല്യം തീർന്നെന്നു നിനച്ച് തമ്പ്രാൻ ചാരുകസേരയിൽ ചാരിക്കിടന്നു. അപ്പോഴുണ്ട് വായാടിപ്പക്ഷീടെ പാട്ടു പിന്നേം കേൾക്കണ്.

''എന്റത്രേം പൊന്നില്ലാഞ്ഞ്
കോലോത്തും പൊന്നില്ലാഞ്ഞ്
തമ്പ്രാനും പൊന്നില്ലാഞ്ഞ്
തമ്പ്രാട്ടിക്കും പൊന്നില്ലാഞ്ഞ്
കുട്ട്യോൾക്കും പൊന്നില്ലാഞ്ഞ്
എന്റെ പൊന്നും തട്ടികൊണ്ടോയേ...''

തമ്പ്രാന് ദേഷ്യംവന്ന് ഇരിക്കപ്പൊറുതീല്ലാണ്ടായി. ഇത്ര്യായിട്ടും നന്നാവാത്ത മൂശേട്ടപ്പക്ഷ്യേ ഒരു പാഠം

**തമ്പ്രാന് ദേഷ്യംവന്ന് ഇരിക്കപ്പൊറുതീല്ലാണ്ടായി. ഇത്ര്യായിട്ടും നന്നാവാത്ത മൂശേട്ടപ്പക്ഷ്യേ ഒരു പാഠം പഠിപ്പിക്കാണ്ടെപറ്റില്യ. തമ്പ്രാൻ പണിക്കാരെ വിളിച്ച് വായാടിപ്പക്ഷ്യേപ്പിടിച്ച് അടുക്കളേലെ കല്ലടുപ്പിൽ ചുട്ടെടുക്കാൻ കല്പിച്ചു. പണിക്കാര് 'റാൻ' ന്നു മൂളി അവളുടെ പിന്നാലെചെന്ന് പിടികൂടി. ഒറ്റ നിമിഷം കളയാണ്ടെ അവരവളെ തീയിലിട്ടു ചുട്ടു!**

പഠിപ്പിക്കാണ്ടെ പറ്റില്യ. തമ്പ്രാൻ പണിക്കാരെ വിളിച്ച് വായാടിപ്പക്ഷ്യേപ്പിടിച്ച് അടുക്കളേലെ കല്ലടുപ്പിൽ ചുട്ടെടുക്കാൻ കല്പിച്ചു. പണിക്കാര് 'റാൻ'ന്നു മൂളി അവളുടെ പിന്നാലെചെന്ന് പിടികൂടി. ഒറ്റ നിമിഷം കളയാണ്ടെ അവരവളെ തീയിലിട്ടു ചുട്ടു!

നാക്കിന് എല്ലില്ലാത്ത വായാടിപ്പക്ഷീടെ ജന്മം അങ്ങനെ അടുക്കളേലെ അടുപ്പിലെ തീയിൽ തീർന്നു.

തമ്പ്രാന് പിന്നൊരിക്കലും വായാടിപ്പക്ഷീടെ ശല്ല്യോണ്ടായില്ല.

'അടക്കല്ല്യാപ്പക്ഷി അടുപ്പിൽത്തീരും'ന്ന ചൊല്ലും അങ്ങനേണ്ടായി!

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

തളിരിലേക്ക് കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു. സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്.

എഡിറ്റർ



# കാടു വളർത്തും വേഴാമ്പൽ



എൻ എ നസീർ

**കാട് ഒരു അത്ഭുതമാണ്. ഓരോ ജീവികളും ചെടികളും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന സങ്കീർണമായ ഇടം. ഓരോ ജീവികളെയും അടുത്തറിയാൻ ശ്രമിച്ചാൽ ആ ബന്ധം നമുക്കു മനസ്സിലാകും. ഉദാഹരണത്തിന് കാടിന്റെ വിസ്തൃതി കൂട്ടുന്നതിൽ ഒരു പങ്ക് വേഴാമ്പലിനുമുണ്ട്. വേഴാമ്പലുകളെ തേടിയുള്ള യാത്രയിൽ വേഴാമ്പലുകൾ മാത്രമല്ല അവയും കാട്ടിലെ ഓരോ ജീവികളുമായുള്ള ബന്ധമാണ് നമുക്കു മുന്നിലെത്തുന്നത്. ആ അനുഭവമാണ് ഇത്തവണത്തെ കാടനുഭവം.**

കാട് നിശബ്ദമായിരുന്നു. അല്ലെങ്കിലും പറമ്പിക്കുളം വന്യജീവി സങ്കേതത്തിലെ 'കരിയൻചോല' വനം മിക്കപ്പോഴും അങ്ങനെയൊക്കെത്തന്നെയാണ്. സൂര്യപ്രകാശംപോലും കാടിനകത്തളത്തിൽ വീഴ്ത്തുവാൻ തെല്ലും താത്പര്യമില്ലാത്ത മഹാവൃക്ഷങ്ങളുടെ മത്സരം! തറയിലാകെ പൊഴിഞ്ഞുകിടക്കുന്ന ഇലമെത്ത. അതിനിടയിൽ ഒളിഞ്ഞിരിക്കുന്ന അട്ടകളും അസംഖ്യം മറ്റു സൂക്ഷ്മജീവികളും.

ഒരുകാലത്ത് ഇന്നു കാണുന്ന തേക്കുതോട്ടങ്ങൾ നിന്ന ഇടമെല്ലാം ഇത്തരം അരണ്യമായിരുന്നു. ഇന്നോ, വരണ്ടുകിടക്കുന്ന തേക്കുതോട്ടങ്ങളൊക്കെ ഈ മഹത്തായ കാടിനെ കശാപ്പുചെയ്ത് വച്ചുപിടിപ്പിച്ചവയും! വേനലിൽ പറമ്പിക്കുളത്തെ വ്യാപിച്ചു കിടക്കുന്ന തേക്കുതോട്ടം വരണ്ടുണങ്ങും. അപ്പോൾ വന്യജീവിവർഗങ്ങളുടെ അഭയകേന്ദ്രമാണ് കരിയൻ ചോല വനവും മറ്റു നിത്യഹരിതമേഖലകളും.

എനിക്കേറ്റവും പ്രിയപ്പെട്ട ഇടവും കരിയൻ ചോലതന്നെ. കാരണം എന്റെ കാതുകൾക്കിമ്പം

പകരുന്നതും കണ്ണുകൾക്കെന്നും കൗതുകം പകരുന്നതും ആയ മോഹനവുമായ മലമുഴക്കികളുടെ വീടൊരുക്കങ്ങളുടെ കലവറയാണ് ആ വനഭൂമി.

പൊടുന്നനെയാണ് ആ ചിറകടി മുഴക്കം ഞാനിരിക്കുന്ന വൃക്ഷത്തിനരികിലായി വന്നണഞ്ഞത്. പിന്നീട് ശബ്ദമൊന്നും കേട്ടില്ല. എന്റെ ഒളിത്താവളത്തിൽ ഞാൻ യാതൊരു ചലനങ്ങളുമില്ലാതെ നിന്നു. പക്ഷേ എന്റെ കണ്ണുകളിലൂടെ ആ വലിയ പക്ഷിയെ ആസ്വദിക്കുകയായിരുന്നു ഞാൻ. ആൺപക്ഷിയാണ്. തന്റെ പ്രിയതമയ്ക്കും കുഞ്ഞിനും ആഹാരവുമായി എത്തിയതാണ്. അതും ഒരു ചെറിയ ഉടുമ്പിനെ! ആ വലിയ കൊക്കുകൾക്കിടയിൽ ജീവൻവെടിഞ്ഞ് ഉടുമ്പ് തൂങ്ങിക്കിടന്നിരുന്നു. അണ്ണാൻ, പാമ്പുകൾ, ഓന്ത്, അരണ, മറ്റുപക്ഷികളുടെ കുഞ്ഞുങ്ങൾ എന്നിവയെയൊക്കെ വേഴാമ്പലുകൾ പിടികൂടുന്നത് പെൺപക്ഷി അടയിരിക്കുന്ന കാലത്താണ്. കുഞ്ഞുങ്ങൾക്കു പെട്ടെന്നു വളർന്ന് കൂടിനു പുറത്തേക്ക് എത്തുവാൻ ഇത്തരം ഭക്ഷണം വേണം. കൂടാതെ അവയ്ക്കേറ്റം പ്രിയങ്കരമായ കാട്ടാലിന്റെ പഴങ്ങൾ, കാട്ടുളൂവിക്ക, പത്രിക്കായ് എന്നിവയൊക്കെ ആഹാരമാകും.

പോടിന് അരികിലേക്ക് ആ വേഴാമ്പൽ പറന്നണഞ്ഞു. പിന്നീടു ചുറ്റുപാടും തന്റെ നീണ്ട കഴുത്തു നീട്ടിയും ശിരസ്സ് ചരിച്ചുമൊക്കെ ശത്രുക്കൾ ആരെങ്കിലുമുണ്ടോ എന്നൊരു നിരീക്ഷണം നടത്തി. അതിനുശേഷം ആ മരപ്പോടിലേക്ക് ഉടുമ്പിനെ മെല്ലെ താഴ്ത്തിക്കൊടുത്തു. പിന്നെ അതിനകത്തേക്ക് നോക്കി ശ്രദ്ധാപൂർവം ഇരുന്നു. വീണ്ടും നീണ്ടുവളഞ്ഞ കൊക്ക് അതിനകത്തേക്കു കടത്തി ഉടുമ്പിനെ തിരികെ എടുത്തു. അപ്പോഴേക്കും അതിന്റെ ഒരറ്റം അകത്ത് അടയിരിക്കുന്ന പെൺപക്ഷി കൊക്കുകൊണ്ട് ബലമായി പിടിച്ചിട്ടുണ്ടായിരുന്നു. എനിക്കപ്പോഴാണ് അവിടെ നടക്കുന്നതിനെക്കുറിച്ചു മനസ്സിലാക്കാനായത്.

ആഹാരത്തെ ചെറുകഷ്ണങ്ങളാക്കുവാൻ ശ്രമിക്കുകയാണവർ. അപ്പോൾ ഭക്ഷിക്കുവാൻ കുറെക്കൂടി എളുപ്പമാകുമല്ലോ. ഏതാനും സമയം കഴിഞ്ഞപ്പോൾ ആൺപക്ഷി തിരികെ പറന്നുപോയി. ഇനി ഒരു മണിക്കൂറിനുള്ളിൽ അത് അടുത്ത ആഹാരവുമായി എത്തിച്ചേരും. പിന്നെ ഉച്ചവരെ ഇടവേള കാണും.

വേഴാമ്പലുകളുടെ പ്രധാന ധർമം കാടിനു വിസ്തൃതി കൂട്ടുക എന്നതായിട്ടാണ് എനിക്കു തോന്നിയിട്ടുള്ളത്. അവ ഒട്ടനവധി വൃക്ഷങ്ങളുടെ കായ്കളും പഴങ്ങളും ഭക്ഷിച്ച് അവയുടെ വിത്തുവിതരണം കാടാകെ നടത്തുന്നു. കാട്ടാൽ പോലുള്ള വൃക്ഷങ്ങൾ കാടിന്റെ ജീവിവർഗങ്ങളെ ഒന്നടങ്കം അന്നമൂട്ടുന്ന മഹാവൃക്ഷങ്ങളാണ്.

പഴങ്ങൾ നിറഞ്ഞ കാട്ടാൽ മരത്തിനരുകിൽ നിന്നാൽ അതു നിങ്ങൾക്കും തിരിച്ചറിയുവാനാകും. വേഴാമ്പലുകളും മൈനകളും അടക്കമുള്ള അനേകം പക്ഷികൾ, മലയണ്ണാന്മാർ, ചെറുഅണ്ണാന്മാർ, കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങുകൾ എന്നിവയൊക്കെ അക്കാലത്ത് ആ



**പഴങ്ങൾ നിറഞ്ഞ കാട്ടാൽ മരത്തിൽ വേഴാമ്പലുകളും മൈനകളും അടക്കമുള്ള അനേകം പക്ഷികൾ, മലയണ്ണാന്മാർ, ചെറുഅണ്ണാന്മാർ, കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങുകൾ എന്നിവയൊക്കെ ഉണ്ടായിരിക്കും. അവ താഴേക്ക് ഇടുന്ന ആലിൻപഴങ്ങൾ ഭക്ഷിക്കുവാൻ മാൻ, പന്നി എന്നിവ താഴെ കാത്തുനിൽപ്പുണ്ടായിരിക്കും.**


മലമുഴക്കി വേഴാമ്പൽ

വൃക്ഷത്തിലുണ്ടായിരിക്കും. അവ താഴേക്ക് ഇടുന്ന ആലിൻപഴങ്ങൾ ഭക്ഷിക്കുവാൻ മാൻ, പന്നി എന്നിവ താഴെ കാത്തുനിൽപ്പുണ്ടായിരിക്കും. പൊടുന്നനെയായിരിക്കും അവിടേക്കു കടുവയുടെ പ്രവേശനവും.


അത്തരം ഒരു കാഴ്ചയ്ക്ക് പറമ്പിക്കുളത്തെ കുരിയാർകുട്ടി വനത്തിലെ ഒരു ആൽമരത്തിനരുകിൽ സാക്ഷ്യം വഹിച്ചിട്ടുണ്ട്. കാട്ടിൽ പഴങ്ങൾ ഭക്ഷിക്കുന്ന മ്ലാവിനെ പിടികൂടാൻ എത്തിയ വലിയൊരു കടുവ! അന്ന് എന്തുമാത്രം ബഹളമായിരുന്നെന്നോ ആ കാടാകെ. ഞാൻ അന്തംതപ്പെട്ടുപോയി. ഒരു വൃക്ഷം മാംസഭുക്കായ കടുവയ്ക്കുവരെ അന്നമൂട്ടുന്നു! അന്ന് ആ മഹാവൃക്ഷത്തെ നമിച്ചുകൊണ്ടാണ് അവിടം വിട്ടത്..

വീണ്ടും വേഴാമ്പൽ വന്നണയുകയായി. ഞാൻ എന്റെ ക്യാമറാലെൻസ് കൂടിനു നേരെ ഫോക്കസ് ചെയ്തുവച്ചു. ഇത്തവണ ആ പക്ഷി ആലിൻപഴങ്ങളാണ് കൊക്കിനുള്ളിൽ കരുതിയിരുന്നത്. അത് ഒന്നൊന്നായി കൊടുക്കുമ്പോൾ അകത്തുനിന്നും കുഞ്ഞിന്റെ നേർത്ത ശബ്ദങ്ങൾ കേൾക്കാം. ഒരിക്കൽ ചാലക്കുടി ഭാഗത്തുള്ള ആനപ്പാന്തം വനത്തിൽ ഒരു വേഴാമ്പൽ കൂട്ടിലേക്ക് 230 ഓളം ആലിൻപഴങ്ങൾ കൊടുക്കുന്നത് നിരീക്ഷിച്ച ഓർമ മനസ്സിലുണ്ട്. ചില വൃക്ഷങ്ങളുടെ വിത്തുകൾ ചില പക്ഷികളും മറ്റുജീവികളും ഭക്ഷിച്ച് കാഷ്ഠിച്ചതിനുശേഷമേ മുളയ്ക്കുകയുള്ളൂ. വേഴാമ്പലുകൾ അത്തരം മഹത്തായ കാര്യങ്ങൾകൂടി കാടിനായി ചെയ്യുന്നവയാണ്.

അതുകൊണ്ടാണ് ഒരു ജീവിയുടെയോ ഒരു വൃക്ഷത്തിന്റെയോ സംരക്ഷണം മനുഷ്യരാശിയുടെ ആകെ സംരക്ഷണമാണെന്നു പറയപ്പെടുന്നത്. ജീവന് ഏറ്റവും അമൂല്യമായ ഓക്സിജൻ ലഭിക്കണമെങ്കിൽ ഇവയുടെയൊക്കെ സംരക്ഷണമാണ് മറ്റ് ഏതു വികസനങ്ങൾക്കും മേലെ ഉണ്ടാവേണ്ടത് എന്നു കൂടി നാം ഓർമിക്കേണ്ടിയിരിക്കുന്നു.

ആ കാട് വിട്ടിറങ്ങുമ്പോൾ ചെറിയൊരു വിഷമം മനസ്സിനുള്ളിൽ. ഇവയെ ഒക്കെ ഇനിയും എത്രകാലം ഇതുപോലെ കാണും. നമ്മുടെ ജീവിതം മറ്റു ജീവികളെ നശിപ്പിച്ചുകൊണ്ടായിരിക്കരുതെന്നും അത് നമ്മുടെ തന്നെ നാശമാണെന്നും ഇത്തരം കാടനുഭവങ്ങൾ കൂടെക്കൂടെ ഓർമിപ്പിക്കുന്നു. അപ്പോൾ അവയുടെ സംരക്ഷണത്തിനും നമ്മുടെ നിലനിൽപ്പിനുമായി കഴിയുന്നതൊക്കെ ചെയ്യുവാൻ മനസ്സ് ഉറച്ചുനിൽക്കുന്നു. കാടെല്ലായ്പ്പോഴും കാടായിത്തന്നെ നിൽക്കുവാൻ.

naseerart@gmail.com



കോഴിവേഴാമ്പൽ



കോഴിവേഴാമ്പൽ

# കണ്ണാടി

**രാജഗോപാലൻ നാട്ടുകൽ**



കണ്ണെഴുതീടാൻ, പൊട്ടുതൊടാൻ
ചന്തംനോക്കി പൗഡറിടാൻ
ഉണ്ടേ നല്ലൊരു കണ്ണാടി
നമ്മുടെ തോഴൻ കണ്ണാടി!
ക്ലാസിൽ ടീച്ചർ പഠിപ്പിച്ചൂ
കൗതുകമേറിന കാര്യങ്ങൾ:
ഇടതിനെ വലതായ് മാറ്റീടും!
വലതിനെ ഇടതായ് മാറ്റീടും!
മാന്ത്രികനല്ലെന്നാലുമിവൻ
മായാജാലം കാട്ടീടും!
നരനുടെ ജീവിതമിതുപോലെ
അഴകേറുന്നൊരു കണ്ണാടി!
പിടിയതു വിട്ടാൽ, വീണെന്നാൽ
പൊടിപൊടിയാകും കണ്ണാടി!



വര: അരുണ ആലഞ്ചേരി

# പ്രാർഥനയുടെ രാത്രി

എം എൻ കാരശ്ശേരി

നമ്മുടെ ശൈലികളിലൊന്നാണ് 'ശിവരാത്രി'. ഉറങ്ങാൻ നേരം കിട്ടാത്തത്ര ബദ്ധപ്പാടുള്ള രാത്രി എന്നർഥം.

ജാതിമതഭേദമില്ലാതെ എല്ലാ മലയാളികളുടെയും പ്രയോഗമാണിതെങ്കിലും ഹൈന്ദവപാരമ്പര്യത്തിലെ ഒരാചാരത്തിൽ നിന്നാണ് ഈ ശൈലി ഉണ്ടായത്. പരമശിവൻ നീലകണ്ഠനായ കഥ ഇവിടെ പ്രസക്തമായിത്തീരുന്നു. കഴുത്തിൽ നീലനിറമുള്ളവൻ എന്നാണ് നീലകണ്ഠന്റെ അർഥം. കഴുത്തിന് നീലനിറമുള്ളതിനാൽ ആൺ മയിലിനെ നീലകണ്ഠൻ എന്നു വിളിക്കാറുണ്ട്.

ആ പേര് ശിവന് എങ്ങനെ വന്നു ചേർന്നു?

മഹാവിഷ്ണുവിന്റെ അധിവാസസ്ഥാനമായ കടലാണ് പാലാഴി. ഒരിക്കൽ ദേവന്മാരും അസുരന്മാരും ചേർന്ന് ആ പാൽക്കടൽ കടഞ്ഞു.



വര: സചീന്ദ്രൻ കാറഡ്ക്ക

എന്തിനു കടഞ്ഞു എന്നല്ലേ?

ഉഗ്രകോപിയായ ദുർവാസാവ് മഹർഷി ഒരിക്കൽ വനമധ്യത്തിലൂടെ നടന്നുപോകുമ്പോൾ മേനക എന്നു പേരായ അപ്സരസ്സിന്റെ കൈയിൽ സുഗന്ധവാഹിയായ ഒരു മാല കണ്ടു. ആ മാല ചോദിച്ചു വാങ്ങി തലയിൽ ചൂടി നടന്ന മഹർഷി പിന്നീടൊരിക്കൽ അതു ദേവലോകത്തിന്റെ അധിപനായ ദേവേന്ദ്രനു സമ്മാനിച്ചു. ഇന്ദ്രൻ മാല തന്റെ ആനയായ ഐരാവതത്തിന്റെ മസ്തകത്തിൽ വച്ചു. ആന അത് നിലത്തേക്ക് എറിഞ്ഞുകളഞ്ഞു. അതുകണ്ട് കുപിതനായ ദുർവാസാവ് 'ദേവലോകത്തിന്റെ ഐശ്വര്യം നശിച്ചുപോകട്ടെ' എന്നു ശപിച്ചു. അന്നുമുതൽ അങ്ങനെ സംഭവിക്കാൻ തുടങ്ങി. ദേവന്മാരെ ജരാനരകൾ ബാധിച്ചു. അവിടത്തെ മരങ്ങളും വള്ളികളും ചെടികളും വാടിക്കരിഞ്ഞു. ഈ ദുരിതാവസ്ഥയിൽ നിന്നു രക്ഷനേടാൻ മഹാമേരു പർവതത്തെ കടകോലും സർപ്പരാജനായ വാസുകിയെ കയറുമാക്കി പാലാഴി കടഞ്ഞ് അമൃതെടുത്തു കഴിക്കുക മാത്രമേ രക്ഷയുള്ളൂ എന്ന് മഹാവിഷ്ണു ഉപദേശിച്ചു.

ആ ഉപദേശം അനുസരിച്ചാണ് പാലാഴി കടഞ്ഞത്. അതിൽനിന്നു പലതും ഉയർന്നുവന്നു. നല്ലതും ചീത്തയുമായ പലതും. നല്ല നിറവും മണവും രുചിയും ഉള്ള അമൃതിന്റെ കൂട്ടത്തിൽ പുകയും അഗ്നിജ്വാലകളും തീക്ഷ്ണ ദുർഗന്ധവുമായി കാളകൂടം എന്നു പേരായ വിഷം പ്രത്യക്ഷപ്പെട്ടു. അതിന്റെ ഗന്ധത്തിൽ ത്രിലോകങ്ങളും മയങ്ങിപ്പോയി. ലോകം നശിച്ചുപോകുമെന്ന് ഭയന്ന ബ്രഹ്മാവ് ആ വിഷം ഭക്ഷിക്കുവാൻ ശിവനോട് അപേക്ഷിച്ചു. ലോകപരിപാലനം ഓർത്ത് ശിവൻ കാളകൂടം കഴിച്ചു. ഭർത്താവിന് ആപത്ത് വരുമെന്ന് കരുതി ചകിതയായ പാർവതി വിഷം ശിവന്റെ വയറ്റിലേക്ക് ഇറങ്ങരുത് എന്നുറച്ച് ആ കണ്ഠത്തിൽ അമർത്തിപ്പിടിച്ചു. വിഷം കണ്ഠത്തിൽ ഉറച്ചുപോയി. അങ്ങനെ ദേവൻ നീലകണ്ഠനായി.


എങ്കിലും ശിവന് വല്ല ആപത്തും വരുമോ എന്നു ശങ്കിച്ച പാർവതിയും മറ്റുള്ളവരും അന്നുരാത്രി മുഴുവൻ ഒരുപോള കണ്ണടയ്ക്കാതെ പ്രാർഥിച്ചുകൊണ്ടേയിരുന്നു. അങ്ങനെയാണത്രേ അദ്ദേഹം മരണത്തിൽനിന്നു രക്ഷപ്പെട്ടത്. ഈ രാവിന്റെ സ്മരണ പുതുക്കാനാണ് ശിവരാത്രി കൊണ്ടാടുന്നത്. ഈ രാത്രി ഭാര്യയുടെ ഭക്തികൊണ്ട് ഭർത്താവിന്റെ ആയുസ്സ് നീളും എന്നാണു വിശ്വാസം. അന്യരുടെ ജീവൻ നിലനിൽക്കാൻ വേണ്ടി അവനവൻ വിഷം കഴിക്കുക എന്ന ത്യാഗത്തിന്റെ കഥയാണത്. നമ്മൾ ജീവിക്കുന്നതും മരിക്കുന്നതും ഒക്കെ സമൂഹത്തെ രക്ഷിക്കാനാവണം എന്നതാണ് പാഠം.



## അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

ര, ന എന്നീ അക്ഷരങ്ങളാൽ എലിയെ വരയ്ക്കാം.





# സ്വപ്നങ്ങൾ.... സ്വപ്നങ്ങൾ

ഡോ. സി ജെ റോയ്

(പ്രമുഖ ഭാഷാശാസ്ത്രജ്ഞനും മധുര കാമരാജ് യൂണിവേഴ്സിറ്റി മലയാളം വകുപ്പ് മുൻ മേധാവിയുമായ ഡോ. സി ജെ റോയ് ബാല്യകാലത്തെ അവിസ്മരണീയമുഹൂർത്തങ്ങൾ അയവിറക്കുന്നു.)
.

കണ്ണെത്താത്ത ദൂരത്തിൽ പരന്നുകിടക്കുന്ന പാടം. പച്ചപ്പട്ടു പോലെയെന്നൊക്കെ പറയാറുണ്ടെങ്കിലും ശരിക്കും പല നിറങ്ങളുണ്ട് പാടത്തിന്. ഞാറുകൾക്കു നിറം ഇളംപച്ച. പറിച്ചുനട്ടു കഴിഞ്ഞാൽ അതു കടുംപച്ചയായി മാറും. നെന്മണികൾ വിളഞ്ഞു പാകമായാൽ പൊന്നലുക്കിന്റെ തിളക്കമുള്ള മഞ്ഞനിറം. കൊയ്ത്തു കഴിഞ്ഞാൽ, മെലിഞ്ഞുണങ്ങിയ, നിറയെ ചുളിവുകളും കുറ്റിരോമങ്ങളുമുള്ള വൃദ്ധന്റെ മുഖത്തിന്റെ മട്ടിലാകും പാടം.

വിതയുടെയും മെതിയുടെയും നാളുകളിൽ പാടം ഉത്സവപ്പറമ്പിന്റെ മട്ടിലാകുന്നു. എങ്ങും വെളിച്ചം, ആൾക്കൂട്ടം,ശബ്ദകോലാഹലങ്ങൾ...

പിന്നെ ഇടിയുടെയും മിന്നലിന്റെയും അകമ്പടിയോടെ മഴയെത്തുന്നു. ആകാശത്തിന്റെ എണ്ണമില്ലാത്ത വാതിലുകളിൽ നിന്നു വെള്ളിനൂലുകളുടെ മട്ടിലാണു തുടക്കം. പിന്നെ അതു തുമ്പിക്കൈവണ്ണത്തിലേക്കു വളരുമ്പോൾ പാടം വലിയൊരു കടലായി മാറുന്നു. അപ്പോൾ പാടം നിറയെ വാഴപ്പിണ്ടികൊണ്ടുള്ള വലിയ കപ്പലുകളുണ്ടാകും.



മഴ മാറിയാൽ കുഴഞ്ഞ ചേറാണ് പാടം നിറയെ. വരമ്പുകളിൽ വല്ലാത്ത വഴുക്കലുണ്ടാകും.

പാടശേഖരത്തിന്റെ നടുവിൽ ഒരു വലിയ തോടുണ്ട്. തോടു തുടങ്ങുന്നത് നിരത്തുവക്കിലുള്ള കലുങ്കിനു താഴെ നിന്നാണ്. അവസാനിക്കുന്നത് അങ്ങു ദൂരെ കൊടൂരാറ്റിൽ. തോട്ടിൽ എപ്പോഴും വെള്ളമുണ്ടാകും, വേനലിൽ തെളിഞ്ഞതും മഴക്കാലത്ത് കലങ്ങിമറിഞ്ഞതും. വെള്ളത്തിൽ നീന്തിക്കളിക്കുന്ന പലതരം മത്സ്യങ്ങൾ. തോടിന്റെ വശങ്ങളിൽ വീതിയുള്ള വരമ്പുകളുണ്ട്. വരമ്പുകളിൽ അവിടവിടെയുള്ള പൊഴികളിൽ വലിയ മരയിതളുകളുള്ള ചക്രങ്ങളുണ്ട്. അവയ്ക്കു മുകളിൽ കെട്ടിയുണ്ടാക്കിയ മാടങ്ങളും. പാടത്തിനാവശ്യമായ വെള്ളം തോട്ടിൽനിന്നു തേവിവിടുന്നത് ഈ ചക്രങ്ങളാണ്. രാത്രികാലങ്ങളിൽ ഇവയിൽ നിന്നു വെള്ളം തേവുന്നതിനൊപ്പം ചക്രംചവിട്ടുകാരുടെ ഉച്ചത്തിലുള്ള നാടൻപാട്ടുകളും കേൾക്കാം.

എന്റെ കുട്ടിക്കാലത്തെ പ്രകാശപൂർണമാക്കിയത് ഈ പാടവും അതിന്റെ നിത്യനൂതനഭംഗികളുമാണ്. പാടത്തിനപ്പുറത്തുള്ള ആകാശം എന്റെ സന്ധ്യാവേളകൾ ഏറെ സമ്പന്നമാക്കി. മോഹിപ്പിക്കുന്ന എന്തെല്ലാമോ അപൂർവനിറങ്ങൾ വാരിവിതറുന്ന നീലാകാശം. ആരോ അലക്ഷ്യമായി വലിച്ചെറിഞ്ഞ പഞ്ഞിത്തുണ്ടുകൾ എന്നു തോന്നിക്കുന്ന വെൺമേഘങ്ങൾ, നിരനിരയായി പറന്നു നീങ്ങുന്ന പക്ഷിക്കൂട്ടങ്ങൾ, പ്രാർഥനയിലെന്നോണം തല താഴ്ത്തി നിൽക്കുന്ന പൂമരങ്ങൾ, തോട്ടിൻകരയിൽ നിന്നെത്തുന്ന കൈതപ്പൂവിന്റെ

**ചിറകുകൾക്കുപകരം കൈവീശിയാണു പറക്കുന്നത്. മേഘങ്ങളെ പിന്നിലാക്കി നക്ഷത്രങ്ങളെ തൊട്ടുരുമ്മി ഉയരങ്ങളിലേക്കുള്ള യാത്ര. എപ്പോഴോ എന്റെ കൈകളുടെ ശക്തി നഷ്ടപ്പെടുകയും ഞാൻ താഴേക്കു വീണുതുടങ്ങുകയും ചെയ്യുന്നു. നിലവിളിക്കാൻ ശ്രമിച്ചെങ്കിലും നേർത്ത ഒരു ശബ്ദം പുറപ്പെടുവിക്കാൻതന്നെ ക്ലേശിക്കേണ്ടിവരുന്നു.**

സുഗന്ധം. അവയെല്ലാം എന്റെ അടുത്ത കൂട്ടുകാരായിരുന്നു. പാടത്തിൻകരയിലുള്ള എന്റെ വീടിന്റെ പൂമുഖത്തിരുന്ന് ഇന്ന് ഓർത്തെടുക്കാൻ കഴിയാത്ത ഏതോ ഭാഷയിൽ അവയുമായി ഞാൻ സംസാരിച്ചിരുന്നു. അവയോടൊത്ത് ആടുകയും പാടുകയും ചെയ്യുന്നതായി സ്വപ്നം കണ്ടു.

## സ്വപ്നകഥകൾ

എന്റെ സ്വപ്നങ്ങളെപ്പറ്റി ആദ്യമൊന്നും ആരോടും ഞാൻ പറഞ്ഞിരുന്നില്ല. ഒരിക്കൽ ഞാൻ അറിയാതെ തന്നെ അതു വെളിപ്പെട്ടുപോയി. സ്വപ്നങ്ങളിലൊന്ന് ഒരു പക്ഷിയെപ്പോലെ പറന്നുയരുന്നതായിട്ടായിരുന്നു. പക്ഷേ, പക്ഷികൾക്കുള്ള ചിറകുകൾ എനിക്ക് ഉണ്ടായിരുന്നില്ല. ചിറകുകൾക്കു പകരം കൈവീശിയാണു പറക്കുന്നത്. മേഘങ്ങളെ പിന്നിലാക്കി നക്ഷത്രങ്ങളെ തൊട്ടുരുമ്മി ഉയരങ്ങളിലേക്കുള്ള യാത്ര. എപ്പോഴോ എന്റെ കൈകളുടെ ശക്തി നഷ്ടപ്പെടുകയും ഞാൻ താഴേക്കു വീഴാനും തുടങ്ങുന്നു. നിലവിളിക്കാൻ ശ്രമിച്ചെങ്കിലും നേർത്ത ഒരു ശബ്ദം പുറപ്പെടുവിക്കാൻ തന്നെ ക്ലേശിക്കേണ്ടിവരുന്നു. അനുവെന്ന ചേച്ചിയുടെ സാന്ത്വനമാണ് സ്വപ്നത്തിൽ നിന്ന് എന്നെ ഉണർത്തിയത്. അപ്പന്റെ അടുത്ത സുഹൃത്തായി ഡോ. വി കെ അലക്സാണ്ടർ എന്ന ഒരു മനഃശാസ്ത്രവിദഗ്ധനുണ്ടായിരുന്നു. പരിഭ്രമിക്കത്തക്കതായി ഒന്നുമില്ലെന്നും ജീവിതത്തിൽ ഉയർന്നുപോകണമെന്ന ഉപബോധമനസ്സിലുള്ള ശക്തമായ ആഗ്രഹമാണ് ഇത്തരം സ്വപ്നങ്ങൾക്കു പിന്നിലുള്ളതെന്നും അദ്ദേഹം വിശദീകരിച്ചു. ചേച്ചിമാർ സ്വകാര്യമായി പറഞ്ഞു. 'സ്വപ്നം കാണുന്ന കുട്ടി.'

സ്വപ്നങ്ങൾ സ്വർഗത്തിൽ നിന്നും വരുന്നുവെന്ന് അവർക്ക് അറിയാമായിരുന്നുവോ? സ്വപ്നങ്ങളാണ് നമ്മുടെ ഭാവി സൃഷ്ടിക്കുന്നതെന്നും സ്വപ്നം കാണുന്നവർക്ക് അസാധ്യമായി ഒന്നുമില്ലെന്നും അവർ ഓർമിച്ചിരിക്കുമോ?

## മച്ചുകാട് സ്കൂൾ

പാടത്തിനു നടുവിലൂടെയുള്ള തോടിന്റെ അറ്റത്ത് കലുങ്കിനപ്പുറത്തായിരുന്നു ഞാൻ പഠിച്ച മച്ചുകാട് പ്രൈമറി സ്കൂൾ. ഓലമേഞ്ഞതും പനമ്പുതട്ടികൾകൊണ്ടു ക്ലാസ്മുറികൾ വേർതിരിച്ചതുമായ ഒരു ഹാൾ ആയിരുന്നു സ്കൂൾ. ഉണിച്ചി ആശാട്ടി ആയിരുന്നു എന്റെ ക്ലാസ്ടീച്ചർ. കൃഷ്ണപിള്ള മാത്യുസാർ ആയിരുന്നു ഹെഡ്മാസ്റ്ററെന്നും ഓർമിക്കുന്നു. ഒരിക്കൽ കൃഷ്ണപിള്ളയെന്നായിരുന്നു അദ്ദേഹത്തിന്റെ പേരെന്നും മതംമാറി മാത്യു എന്ന പേരു സ്വീകരിച്ചതിനുശേഷം കൃഷ്ണപിള്ള മാത്യു എന്ന് അറിയപ്പെടുകയാണുണ്ടായതെന്നും വളരെക്കാലം കഴിഞ്ഞാണ് ഞാൻ അറിഞ്ഞത്.

സ്കൂളിൽ എനിക്കുണ്ടായിരുന്ന ഒരു കൂട്ടുകാരൻ റാവുജി ആയിരുന്നു. പാടത്തിന്റെ അങ്ങേക്കരയിലായിരുന്നു റാവുജിയുടെ വീട്. സ്കൂളിലേക്കു പോകുന്നത് ഒരുമിച്ചല്ലെങ്കിലും വൈകുന്നേരം തിരിച്ചുവരുന്നത് ഒരുമിച്ചായിരുന്നു. റാവുജിയുമൊത്തു സ്കൂളിൽനിന്നുള്ള യാത്രകളിലൊന്നിൽ ഉണ്ടായ ഒരു അനുഭവം മനസ്സിൽ മായാതെ നിൽക്കുന്നു. തോടിന്റെ വരമ്പിലൂടെ കഥകൾ പറഞ്ഞും കാഴ്ചകൾ കണ്ടും വീടുകളിലേക്കു മടങ്ങുകയായിരുന്നു ഞങ്ങൾ. ഇടയ്ക്കുവച്ച് റാവുജി വഴി തിരിഞ്ഞു. വീട്ടിലേക്കുള്ള തിരിവിൽ എത്തിയതറിയാതെ ഞാൻ നേരെ നടന്നു. പതിവുപോലെ മനസ്സുനിറയെ എന്തെല്ലാമോ സ്വപ്നങ്ങൾ, എത്ര ദൂരെ നടന്നെന്ന് അറിയില്ല. ഒടുവിൽ എത്തിയത് കൊടൂരാറിന്റെ കരയിൽ. സന്ധ്യയായി. ആകാശത്തിലെ വർണഭംഗികളിൽ ലയിച്ചുനിന്നു കുറെ നേരം. പെട്ടെന്നാണ് ഇരുട്ടെത്തിയത്. ആറ്റിൻകരയിൽ ഞാൻ ഒറ്റയ്ക്കാണ്. എന്തോ ഒരു ഭയം ഉള്ളിലേക്ക് അരിച്ചുകയറുന്നു. ആരൊക്കെയോ പറഞ്ഞുകേട്ടിട്ടുള്ള കഥകളാണു ഭയത്തിനു കാരണം. കൊടൂരാറ്റിൽ അപകടമരണങ്ങൾ പലത് ഉണ്ടായിട്ടുണ്ട്. മരിച്ചവരുടെ ആത്മാക്കൾ മോക്ഷം കിട്ടാതെ ആറ്റിൻകരയിൽ അലഞ്ഞുതിരിയുന്നു. പലരൂപങ്ങളിലാണ്. ചിലപ്പോൾ സുന്ദരികളായ സ്ത്രീകളായും ഇനിയും ചിലപ്പോൾ വലിയ കൊമ്പുകളും വായിൽ ദംഷ്ട്രകളുമുള്ള ഭീകരജീവികളായും അവ പ്രത്യക്ഷപ്പെടും. രണ്ടും അപകടകാരികളാണ്. അവയുടെ കണ്ണിൽപ്പെട്ടാൽ എന്തും സംഭവിക്കാം. കനത്ത ഇരുട്ടിൽ എവിടേക്കെന്നില്ലാതെ നടന്നു. ഏതോ കല്ലിൽ തട്ടി വലതു കാലിന്റെ തള്ളവിരൽ അല്പം മുറിഞ്ഞു. നേർത്ത നീറ്റൽ. തൊട്ടുനോക്കുമ്പോൾ രക്തം കിനിയുന്നു. കാൽമുട്ടുകളിൽ തല ചേർത്ത് നനഞ്ഞ മണ്ണിലിരുന്ന് കണ്ണുകളടച്ച് പ്രാർഥനകൾ ഉരുവിട്ടു.

എത്രനേരം അങ്ങനെ ഇരുന്നെന്നറിഞ്ഞുകൂടാ. ഇടയ്ക്കു കണ്ണുതുറന്നപ്പോൾ ദൂരെനിന്ന് ഒരു പ്രകാശധാര നീങ്ങിവരുന്നു. ഏതോ പ്രേതാത്മാക്കളാണോ എന്ന സംശയത്തിൽ വീണ്ടും കണ്ണടച്ച് പ്രാർഥന. അങ്ങനെയിരിക്കുമ്പോൾ ശിരസ്സിൽ ഒരു മൃദുസ്പർശം. ഈ ശബ്ദം എവിടെയോ ഞാൻ കേട്ടിട്ടുണ്ടല്ലോ. മെല്ലെ കണ്ണുതുറന്നു നോക്കുമ്പോൾ മുമ്പിൽ നിൽക്കുന്നു കൃഷ്ണപിള്ള മാത്യുസാർ. ആറ്റിൽ കുളി കഴിഞ്ഞുള്ള വരവാണ്. കൈയിൽ റാന്തൽവിളക്ക്. മാത്യുസാർ എന്നെ വാരിയെടുത്തു തോളിൽ കിടത്തി. കരച്ചിലിന്റെ വക്കത്തെത്തിയിരുന്ന എന്നെ പുറത്തു തട്ടി ആശ്വസിപ്പിച്ച് എന്റെ വീട്ടിലേക്കു നടന്നു. അവിടെ എന്നെ കാണാതായതിന്റെ പരിഭ്രമത്തിലായിരുന്നു എല്ലാവരും. കണ്ടെത്താനുള്ള ശ്രമത്തിന്റെ ആദ്യഘട്ടം കഴിഞ്ഞിരുന്നു. മാത്യുസാറിന്റെ കൈകളിൽനിന്ന് എന്നെ ഏറ്റുവാങ്ങിയത് അപ്പൻ തന്നെയാണ്. ഒരിക്കലും കരഞ്ഞു കണ്ടിട്ടില്ലാത്ത അപ്പന്റെ കണ്ണുകളിൽ നിന്ന് ഒരു തുള്ളി കണ്ണുനീർ എന്റെ നെറ്റിയിൽ വീണു. സ്നേഹം എന്നാലെന്തെന്നു ഞാൻ മനസ്സിലാക്കിത്തുടങ്ങുകയായിരുന്നു.


**പെട്ടെന്നാണ് ഇരുട്ടെത്തിയത്. ആറ്റിൻകരയിൽ ഞാൻ ഒറ്റയ്ക്കാണ്. എന്തോ ഒരു ഭയം ഉള്ളിലേക്ക് അരിച്ചുകയറുന്നു. കൊടൂരാറ്റിൽ അപകടമരണങ്ങൾ പലത് ഉണ്ടായിട്ടുണ്ട്. മരിച്ചവരുടെ ആത്മാക്കൾ മോക്ഷം കിട്ടാതെ ആറ്റിൻകരയിൽ അലഞ്ഞുതിരിയുന്നു. പലരൂപങ്ങളിലാണ്. സുന്ദരികളായ സ്ത്രീകളായും വലിയ കൊമ്പുകളും ദംഷ്ട്രകളുമുള്ള ഭീകരജീവികളായും അവ പ്രത്യക്ഷപ്പെടും.**

## തോമസ് അച്ചനും ആലീസിന്റെ അത്ഭുതലോകവും

സ്കൂൾവിദ്യാഭ്യാസകാലത്ത് ശാരീരികമായി തീർത്തും ദുർബലനായിരുന്നു ഞാൻ. സതീർഥ്യരുടെ പതിവു വിനോദങ്ങളിൽനിന്നെല്ലാം ഞാൻ അകന്നുനിന്നിരുന്നു. പറയത്തക്ക കൂട്ടുകാർ ആരും ഉണ്ടായിരുന്നില്ല. ഈ കുറവ് നികത്തിത്തന്നത് എം ഡി സെമിനാരി സ്കൂളിൽ രണ്ടാം ഫോറത്തിൽ എന്റെ ക്ലാസ് ടീച്ചർ ആയിരുന്ന തോമസച്ചനാണ്. യേശുക്രിസ്തുവിനെപ്പറ്റി എന്റെ മനസ്സിൽ പതിഞ്ഞിരുന്ന ചിത്രവുമായി ഏറെ ഇണങ്ങുന്ന രൂപവും ഭാവവുമായിരുന്നു തോമസച്ചന് ഉണ്ടായിരുന്നത്. ഉച്ചനേരത്ത് ക്ലാസ്സിലെ കുട്ടികളെല്ലാം കളിക്കളങ്ങളിലായിരിക്കുമ്പോൾ ഏലിയാ ചാപ്പലിനു തൊട്ടരികിലുണ്ടായിരുന്ന ചെറിയ മുറികളിലൊന്നിലിരുന്ന് അച്ചൻ തരുന്ന പുസ്തകങ്ങൾ വായിക്കുക ആയിരുന്നു എന്റെ പതിവ്.

തോമസച്ചൻ എനിക്കു വായിക്കാൻ തന്ന ഇംഗ്ലീഷ്

പുസ്തകങ്ങളിൽ ഇന്നും സജീവമായി മനസ്സിൽ നിൽക്കുന്ന ഒന്ന് ലൂയിസ് കരോൾ എഴുതിയ 'ആലീസിന്റെ അത്ഭുതലോക' മാണ്. ഒരു സ്വപ്നത്തിന്റെ മട്ടിലാണ് കഥയുടെ അവതരണം. ആലീസ് എന്ന പെൺകുട്ടി അവളുടെ സഹോദരിയുമൊത്ത് ഒരു ഉച്ചനേരത്ത് ആറ്റിൻകരയിലുള്ള ഒരു മരച്ചുവട്ടിൽ വിശ്രമിക്കുകയാണ്. ആലീസ് അങ്ങനെയിരുന്ന് ഉറങ്ങിപ്പോയി. അപ്പോൾ മുമ്പിൽ ഒരു വെള്ള മുയലിനെ കണ്ടു. മുയൽ അതിന്റെ വാച്ചിൽ നോക്കിയ ശേഷം ധൃതിയിൽ അടുത്തുണ്ടായിരുന്ന കുഴിയിലേക്കു ചാടിയിറങ്ങി. ആലീസ് മുയലിന്റെ പിന്നാലെ പോയി. അത്ഭുതങ്ങൾ നിറഞ്ഞ ആലീസിന്റെ സ്വപ്നം ഒടുവിൽ മരത്തിൽനിന്നുള്ള ഉണങ്ങിയ ഇലകൾ മുഖത്തു വീണ് അവൾ ഉണരുന്നതോടെ അവസാനിക്കുന്നു. ലൂയിസിന്റെ ഈ സ്വപ്നകഥ എനിക്ക് ഒരു ലഹരിയായിരുന്നു കുട്ടിക്കാലത്ത്.



## നല്ല പുസ്തകങ്ങൾ

കോളെജിൽ ചേർന്നതോടെ പഠിക്കാനുള്ള പുസ്തകങ്ങളിലും പഠനവിഷയവുമായി ബന്ധപ്പെട്ട മറ്റു പുസ്തകങ്ങളിലും മാത്രമായിരുന്നു ശ്രദ്ധ. അതിനൊരു മാറ്റം വരുത്തിയത് കുറ്റിപ്പുഴസാറാണ്. ഒരു വൈകുന്നേരം സസ്യശാസ്ത്ര സംബന്ധമായ ചില ആധികാരികകൃതികളുമായി കോളജ് ലൈബ്രറിയിൽനിന്നു താമസസ്ഥലത്തേക്കു മടങ്ങുമ്പോൾ കുറ്റിപ്പുഴ സാർ തടഞ്ഞുനിർത്തി പുസ്തകങ്ങൾ വാങ്ങി താളുകൾ മറിച്ചുനോക്കി. പിന്നെ ആത്മഗതം– 'ഇതൊക്കെ നല്ല പുസ്തകങ്ങൾ ആണ്. പക്ഷേ, ഇവയെക്കാൾ നല്ല ചില പുസ്തകങ്ങളുണ്ട്.' അമ്പരന്നുനിന്ന എന്നെ അദ്ദേഹം ആലുവായിൽ മാർത്താണ്ഡവർമപ്പാലത്തിനടുത്തുള്ള തന്റെ വാടകവീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. വായനാമുറിയിലെ അലമാരകളിലൊന്നു തുറന്ന് കൂടുതൽ നല്ലതെന്ന് അദ്ദേഹം പറഞ്ഞ പുസ്തകങ്ങളിൽ ചിലത് എനിക്കു കാണിച്ചുതന്നു. ഹോമറിന്റെ 'ഇലിയഡ്', തോമസ് മൂറിന്റെ 'യുട്ടോപ്പിയ', ടോൾസ്റ്റോയിയുടെ 'വാർ ആൻഡ് പീസ്', ജെയിംസ് ജോയ്സിന്റെ 'യൂളിസസസ്, 'രാമായണം', 'മഹാഭാരതം', 'ബൈബിൾ'... അവയിൽ ഏതും എപ്പോൾ വേണമെങ്കിലും എടുത്തുകൊണ്ടുപോയി വായിക്കാൻ അദ്ദേഹം എന്നെ അനുവദിക്കുകയും ചെയ്തു.


ആലുവാമണൽപ്പുറത്തേക്ക് കുറ്റിപ്പുഴ സാറുമൊത്തുള്ള സായാഹ്നയാത്രകൾ സാഹിത്യസംബന്ധമായ എന്റെ സങ്കല്പങ്ങളിൽ സാരമായ മാറ്റം വരുത്തുവാൻ ഏറെ സഹായിച്ചു.

# കേരളത്തിന്റെ ഔദ്യോഗികചിഹ്നങ്ങൾ

എൻ എസ് അരുൺകുമാർ

**വേഴാമ്പൽ കേരളത്തിന്റെ സംസ്ഥാനപക്ഷിയാണ്. അതുപോലെ സംസ്ഥാനമൃഗം, വൃക്ഷം, മീൻ, പുഷ്പം തുടങ്ങിയവയും ഉണ്ട്. ഇവയെ പരിചയപ്പെടാം.**





മലമുഴക്കി വേഴാമ്പൽ ഫോട്ടോ: Eric Kilby



## സംസ്ഥാനപക്ഷി
## മലമുഴക്കിവേഴാമ്പൽ

വേഴാമ്പലുകൾക്കിടയിൽ ഏറ്റവും വലിപ്പമുള്ളവയാണ് മലമുഴക്കിവേഴാമ്പൽ. ഇതിനെയാണ് കേരളം സംസ്ഥാന പക്ഷിയായി സ്വീകരിച്ചിരിക്കുന്നത്. ഉയർന്നുവരുന്ന മഴുവിനെക്കണ്ട് ഭയപ്പാടോടെ കേഴുന്ന മുഴുവൻ വനജീവികളുടെയും പ്രതീകമായാണ് സംസ്ഥാനപക്ഷി എന്ന അംഗീകാരം.

വേഴാമ്പൽ മഴ കാത്തിരിക്കുന്ന ഒരു പക്ഷിയാണെന്നും കഴുത്തിൽ ഒരു ദ്വാരമുള്ളതിനാൽ മഴയായെത്തുന്ന വെള്ളമേ വേഴാമ്പലിനു കുടിക്കാനാവൂ എന്നുമുള്ള ഒരു വിശ്വാസമുണ്ട്. എന്നാൽ ഇതിനു ശാസ്ത്രീയമായ അടിത്തറയില്ല.

കേരളത്തിൽ പശ്ചിമഘട്ടത്തിന്റെ ഭാഗമായ നിത്യഹരിതമഴക്കാടുകളിലാണ് മലമുഴക്കിയെ കണ്ടുവരാറുള്ളത്. മലമുഴങ്ങുമാറുള്ള ശബ്ദവും ശക്തമായ ചിറകടിയൊച്ചയുമാണ് മലമുഴക്കി എന്ന പേര് ഈ വേഴാമ്പലിന് സമ്മാനിച്ചത്. സ്വാഭാവികവനങ്ങളുടെ നാശം മൂലം മലമുഴക്കിവേഴാമ്പലുകൾ ഇന്നു വംശനാശ ഭീഷണി നേരിടുന്നുണ്ട്. ലോകപരിസ്ഥിതിസംഘടനയുടെ വംശനാശപ്പട്ടികയിൽ (IUCN Red List) മലമുഴക്കി വേഴാമ്പലിനെ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇതിനെ കെണിയിൽപ്പെടുത്തുന്നതും കള്ളക്കടത്തു നടത്തുന്നതും നായാടുന്നതും നിരോധിച്ചുകൊണ്ടുള്ള നിയമങ്ങൾ രാജ്യാന്തരമായിത്തന്നെ നിലവിലുണ്ട്. ഇംഗ്ലീഷിൽ ദി ഗ്രേറ്റ് ഇന്ത്യൻ


കണിക്കൊന്ന ഫോട്ടോ: sash jose

ഹോൺബിൽ (The Great Indian Hornbill) എന്നറിയപ്പെടുന്ന മലമുഴക്കിവേഴാമ്പലിന്റെ ശാസ്ത്രീയനാമം ബുസെറോസ് ബൈകോർണിസ് (Buceros bicornis) എന്നാണ്.

## സംസ്ഥാന പുഷ്പം
## കണിക്കൊന്ന

മേടമാസത്തിൽ വിഷുക്കാലം വന്നെത്തിയെന്നതിന്റെ നാന്ദിയായാണ് കണിക്കൊന്നയുടെ പൂവിടൽ കണക്കാക്കപ്പെടുന്നത്. പഴംതലമുറയിലെ കൃഷിക്കാർ പിൻതുടർന്നുവന്നിരുന്ന കാർഷിക കലണ്ടറനുസരിച്ച് അശ്വതി ഞാറ്റുവേലയുടെ കാലമാണ് മേടമാസം. വിരിപ്പുകൃഷിയിൽ മേടമാസാരംഭത്തിനു തൊട്ടുമുമ്പേ വിത്തിടേണ്ടതുണ്ട്. നിലമൊരുക്കി, ഉഴുത് പരുവപ്പെടുത്തി, നുരിവിത്തിടുവാൻ സമയമായെന്ന് കർഷകരെ ഓർമിപ്പിക്കാനാണ് കൊന്നപൂക്കുന്നതെന്നാണ് വിശ്വാസം. മേടമാസത്തിന്റെ ആദ്യത്തിൽ ഒന്നോ രണ്ടോ മഴ കിട്ടുക പതിവായിരുന്നു. മഴയ്ക്കുമുമ്പ് മണ്ണിൽ വിത്തിറക്കിയാൽ അടിയീർപ്പത്തിന്റെ കുളിരിൽ അതു മഴ കാത്ത് കിടന്നോളും. വിത്തിടുന്നത് കർഷകരുടെ ജോലി. അതിനുമേലെ അല്പം വെള്ളം തളിക്കുന്നത് പ്രകൃതിയുടെ ജോലി. ഈ കണക്കുതെറ്റാതിരിക്കാൻ കർഷകരെ ഓർമിപ്പിക്കുകയാണത്രേ കണിക്കൊന്ന ചെയ്യുന്നത്. വേനലിന്റെ വറുതിയിലും സ്വർണവർണമാർന്ന പൂങ്കുലകളുമായി പൂത്തുലഞ്ഞുനിൽക്കുന്ന കണിക്കൊന്ന ആരെയും ആകർഷിക്കും. 'ഗോൾഡൻ ഷവർ' (Golden Shower) എന്ന് ഇംഗ്ലീഷുകാർ വിളിക്കുന്ന കണിക്കൊന്നയുടെ ശാസ്ത്രീയനാമം 'കാസ്യ ഫിസ്റ്റുല' (Cassia fistula) എന്നാണ്.

## സംസ്ഥാന വൃക്ഷം
## തെങ്ങ്

മലയാളലിപികളിൽ ആദ്യമായി അച്ചടിമഷി പുരളുന്നതിനിടയാക്കിയ ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥത്തിലെ വിവരണങ്ങളിൽ ആദ്യം പ്രത്യക്ഷപ്പെടുന്ന സസ്യം തെങ്ങാണ്. എ ഡി ഒന്നാം നൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനുമിടയ്ക്കാണ് തെങ്ങ് കേരളത്തിലെത്തിയതെന്നാണ് ചരിത്രകാരനായ പി കെ ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നത്. മലേഷ്യയിൽ നിന്നാവാം തെങ്ങ് ഇന്ത്യയിലെത്തിയതെന്ന് പ്രസിദ്ധ ചരിത്രകാരനായ ഡി ഡി കൊസാമ്പിയുടെ നിരീക്ഷണം. പതിനേഴാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിവരെയുള്ള കാലഘട്ടത്തിൽ ഡച്ചുകാരുടെ കാലത്താണ് തെങ്ങുകൃഷി കേരളത്തിൽ കൂടുതൽ വ്യാപകമായതെന്ന് കരുതുന്നു.

കേരളത്തിലെ അനുഷ്ഠാനകലകളുമായി വേർപെടുത്താനാവാത്ത ബന്ധം തെങ്ങിനുമുണ്ട്. തെയ്യത്തിനുള്ള മുടി തയ്യാറാക്കുന്നതിനും പടയണി, മുടിയേറ്റ്,


തെങ്ങ്

ശീതങ്കൻ തുള്ളൽ തുടങ്ങിയവയിൽ അലങ്കാരത്തിനായും ഉപയോഗിക്കുന്നത് കുരുത്തോലയാണ്. കോക്കോസ് ന്യൂസിഫെറ (Cocos nucifera) എന്നതാണ് തെങ്ങിന്റെ ശാസ്ത്രീയനാമം.

## സംസ്ഥാനമൃഗം
## **ആന**

കരയിൽ ജീവിക്കുന്നവയിൽ വച്ച് ഏറ്റവും വലിയ ജീവിയായ ആനയാണ് കേരളത്തിന്റെ ദേശീയ മൃഗം. ഭൂമുഖത്തിലെ വിവിധ ഭാഗങ്ങളിലായി വിവിധതരം ആനയിനങ്ങൾ ജീവിച്ചിരുന്നതായി കണ്ടെത്തപ്പെട്ടിട്ടുണ്ടെങ്കിലും ഏഷ്യയിലും ആഫ്രിക്കയിലും മാത്രമേ ഇന്ന് ഇവയുള്ളൂ. എണ്ണത്തിന്റെ കാര്യത്തിൽ ആഫ്രിക്കൻ ആനകളുടെ മൂന്നിലൊന്നു മാത്രമേ ഏഷ്യൻ ആനകളുള്ളൂ. വലിപ്പത്തിന്റെ കാര്യത്തിലും ആഫ്രിക്കൻ ആനയെക്കാൾ ചെറുതാണ് ഏഷ്യൻ ആന. ആനക്കൊമ്പിനായുള്ള നായാട്ടും മറ്റും ഇവയുടെ നിലനിൽപ്പിന് ഭീഷണിയുയർത്തുന്നുണ്ട്. വംശനാശ ഭീഷണി നേരിടുന്ന ഒന്നായാണ് ലോകപരിസ്ഥിതി സംഘടന ഇവയെ കണക്കാക്കുന്നത്.

എലിഫസ് മാക്സിമസ് (Elephus maximus) എന്നാണ് ശാസ്ത്രീയനാമം.



കരിമീൻ ഫോട്ടോ: Saralstalin



ആന ഫോട്ടോ: N. A. Naseer

## സംസ്ഥാനമത്സ്യം
## **കരിമീൻ**

2010 ലാണ് കേരള സർക്കാർ കരിമീനിനെ സംസ്ഥാന മത്സ്യമായി പ്രഖ്യാപിച്ചത്. മാത്രമല്ല, 2011 നെ 'കരിമീനിന്റെ വർഷ'മായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.


മുൻചിറകിനോടടുത്തായി കറുത്തകുത്ത് കാണപ്പെടുന്നതിനാൽ ഈ കായൽമത്സ്യത്തിന് പേൾ സ്പോട്ട് (Pearl spot)എന്നും പേരുണ്ട്. കൊഴുപ്പിന്റെ അളവ് കുറഞ്ഞിരിക്കുന്നതും മാംസ്യത്തിന്റെ അളവ് കൂടിയതും കരിമീനിനെ ആരോഗ്യകരമായ ഭക്ഷണമാക്കി മാറ്റി. മാത്രമല്ല, ജീവകം ബി (Riboflavin)യും ഹൃദ്രോഗസാധ്യതയെ തടയുന്ന കൊഴുപ്പമ്ളങ്ങളും (Omega-3 fatty acids) കരിമീനിൽ ധാരാളമായുണ്ട്. ഒരുകാലത്ത് കായലുകളിൽ സുലഭമായിരുന്നു കരിമീൻ. കായലിലേക്ക് അനിയന്ത്രിതമായി പുറന്തള്ളപ്പെടുന്ന രാസജൈവമാലിന്യങ്ങൾ കരിമീനിന്റെ നിലനിൽപ്പിന് ഭീഷണിയാണ്. ഇംഗ്ലീഷിൽ ഗ്രീൻ ക്രൊമൈഡ് (Green chromide) എന്നറിയപ്പെടുന്ന കരിമീനിന്റെ ശാസ്ത്രീയനാമം എട്രോപ്ളസ് സൂറാട്ടെൻസിസ് (Etroplus suratensis) എന്നാണ്.

ഉണ്ടാക്കാം

# സമഭുജ ത്രികോണം


അരവിന്ദ് ഗുപ്ത

സമചതുരത്തിൽനിന്നും നിർമിക്കാവുന്ന ഏറ്റവും വലിയ സമഭുജ ത്രികോണം!





**ആവശ്യമുള്ള സാധനങ്ങൾ**


- സമചതുരാകൃതിയുള്ള കടലാസ്
- സ്കെയിൽ







**1** സമചതുരാകൃതിയുള്ള ഒരു കടലാസെടുക്കുക. ഒരു വശത്തിന്റെ നീളം അളന്ന് എഴുതി വയ്ക്കണം. അതിനുശേഷം കടലാസ തുല്യ നാലുഭാഗങ്ങളായി മടക്കുക.





**2** ഒരു മൂലയെ പൊതു വാക്കി നിർത്തി ബാക്കി രണ്ടു മൂലകളും ചെറിയ സമചതുരത്തിന്റെ വശങ്ങളിൽ മുട്ടുന്ന രീതിയിൽ ചിത്രത്തിലേതുപോലെ മടക്കുക.




**3** AC എന്ന വരയിലൂടെ നാലാമത്തെ മൂല മടക്കുക.



**4** സമഭുജത്രികോണം തയ്യാറായിക്കഴിഞ്ഞു.




**5** ഈ ത്രികോണത്തിന്റെ ഒരു വശത്തിന്റെ നീളം അളന്നുനോക്കൂ.

**6** സമചതുരത്തിന്റെ വശത്തിന്റെ നീളവും ഈ ത്രികോണത്തിന്റെ വശത്തിന്റെ നീളവും തുല്യമാണോ? അല്ലെന്നു കാണാം. ഇതിനു കാരണമെന്തായിരിക്കും. ഉത്തരം കണ്ടെത്തി തളിരിലേക്കയ്ക്കൂ.

# ഇളം തളിര്


ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## കുപ്പിവള

ലക്ഷ്മി എസ് ആർ, ക്ലാസ് 7,
ആലീസ് ബ്ലൂ ശാന്തിനികേതൻ സ്കൂൾ,
തിരുവനന്തപുരം



അന്നെന്റെ ജന്മദിനമായിരുന്നു. എന്റെ അമ്മ എനിക്കു തന്ന സമ്മാനമെന്തായിരുന്നെന്നോ? ഒരു സെറ്റ് കുപ്പിവള! എന്റെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. ഞാൻ പല്ലുതേച്ച് കുളിച്ച് കണ്ണാടിയുടെ മുന്നിൽ സ്ഥാനം പിടിച്ചു. ചാന്ത് പൊട്ടിട്ടു. എന്നിട്ട് കുപ്പിവള അണിയാൻ തുടങ്ങി. 'ഒരു കൈയിൽ അഞ്ച്... അല്ല ആറിരിക്കട്ടെ.' സമയം പോയതറിഞ്ഞില്ല. അല്പനേരത്തേക്ക് കുപ്പിവള മടിയിൽവച്ച് ഞാൻ പൗഡർ പൂശാൻ തുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ അമ്മയുടെ വിളികേട്ടു. ''മോളേ, പ്രാതൽ കഴിക്കാൻ വരൂ.'' മടിയിൽ കുപ്പിവള ഇരിക്കുന്നതോർക്കാതെ ഞാൻ എഴുന്നേറ്റു. എന്റെ കുപ്പിവള താഴെവീണുപൊട്ടി. സങ്കടം സഹിക്കാൻ കഴിയാതെ ഞാൻ പൊട്ടിപ്പൊട്ടിക്കരഞ്ഞു.



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# കർക്കടകക്കള്ളൻ

വെറും കൈയോടെയല്ല
കൈനിറയെ
മഴയുടെ തണുപ്പും
മണ്ണിന്റെ മണവും കട്ടാണ്
അന്ന് കാറ്റ് വീട്ടിലേക്ക്
മടങ്ങിവന്നത്.

**കാദംബരി കെ ബി, ക്ലാസ് 10,**
**ഗവ. മോയൻ മോഡൽ ഗേൾസ്**
**ഹയർ സെക്കൻഡറി സ്കൂൾ,**
**പാലക്കാട്.**



# നിന്നുമുള്ളി*

തുറസ്സിൽ ഒറ്റയ്ക്ക്
മൂത്രമൊഴിക്കാൻ
പോയ കുട്ടിക്ക്
കൂട്ടിന്
ചാറ്റൽമഴ
അവന്റെയടുത്ത്
നിന്നുമുള്ളി.

**ബഷീറിന്റെ ബാല്യത്തിൽ അദ്ദേഹത്തിനു വീട്ടിൽ 'കിടന്നുമുള്ളി' എന്ന പേര് കിട്ടിയതോർമിക്കുന്നു.*



വര: അരുണ ആലഞ്ചേരി


51

# കത്ത്

**അഞ്ജുകൃഷ്ണൻ ആർ, ക്ലാസ് 10 ജി, എച്ച് എസ് എസ്**
**അയാപറമ്പ്, ചെറുതന പി ഒ, ചെറുതന, ആലപ്പുഴ 690517**

പ്രിയപ്പെട്ട തളിരിന്, തളിരിലെ കഥകളും കവിതകളും എനിക്കു വളരെ ഇഷ്ടമാണ്. കവിതകൾ ഹൃദ്യവും ആസ്വാദ്യകരവുമാണ്. കഥകൾ വളരെ നീളമുള്ളതാണെങ്കിലും അവ സമകാലികപ്രസക്തമാണ്. ലേഖനങ്ങളും മറ്റു പ്രവർത്തനങ്ങളും സെമിനാർപോലുള്ള മത്സരങ്ങളിൽ ഉപകരിക്കുന്നു. തളിരിൽ കൂടുതൽ പംക്തികൾ ഉൾപ്പെടുത്തണം എന്നാണ് എന്റെ അഭിപ്രായം. മാസത്തിലെ വിശേഷദിവസങ്ങളുമായി ബന്ധപ്പെട്ട ക്വിസ്സുകൾ, പഠനവുമായി ബന്ധപ്പെട്ട ടിപ്പുകൾ, പാഠപുസ്തകവിശകലനക്കുറിപ്പുകൾ, കുട്ടികൾക്കു ചെയ്യാവുന്ന പാചകക്കുറിപ്പുകൾ, കൂടുതൽ ലഘുവും ഹൃദ്യവുമായ ചിത്രക്കഥകൾ, ആദരണീയരായ സാഹിത്യകാരരെയോ സ്വാതന്ത്ര്യസമരസേനാനികളെയോ കുറിച്ചുള്ള ജീവചരിത്രക്കുറിപ്പുകൾ, കൂടുതൽ രചനാമത്സരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള പുതുമയാർന്ന പ്രവർത്തനങ്ങളും പംക്തികളും കൂടി ഉൾപ്പെടുത്തിയാൽ തളിര് മാസിക കൂടുതൽ ഹൃദ്യമാകും. തീർച്ച.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70 November 2016
Regd KL/TV (N)/399/2015-2017 Published on 29-10-2016 Vol:22, Issue:11, ₹15


# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു –
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം

